
# റൈറ്റ് ക്ലിക്ക്



ലിറ്റിൽ കൈറ്റ്സ
ജി.വി.എച്ച്.എസ്സ്.എസ്സ് കതിരൂർ

# ആശംസ



(ഹെഡ്മിസ്ട്രസ്, ജി.വി.എച്ച്.എസ്സ്.എസ്സ് കതിരൂർ)

*ലിറ്റിൽ കൈറ്റ്സിന്റേയും വിദ്യാരംഗത്തിന്റെയും നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന 'റൈറ്റ് ക്ലിക്ക് ' എന്ന ഡിജിറ്റൽ മാഗസിൻ ഗവണ്മെന്റ ഹയർ സെക്കണ്ടറി സ്കൂൾ കതിരൂരിന്റെ ചരിത്രത്തിലെ നാഴികക്കല്ല് ആവുമെന്നതിന് സംശയമേതും ഇല്ല. ഈ നൂതന സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.*

ഹെഡ്മിസ്ട്രസ്

ജി.വി.എച്ച്.എസ്സ്.എസ്സ് കതിരൂർ

# ആമുഖം

പുതുമയെ രൂപപ്പെടുത്തുന്ന കഴിവാണ് പ്രതിഭ. മനുഷ്യരാവട്ടെ എന്നും പുതുമയെ പുല്കുന്നവരുമാണ്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാൻ ആവും എന്ന ബോധ്യത്തിൽ നിന്ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ രൂപപ്പെടുത്തുന്നതാണ് ഈ ഡിജിറ്റൽ മാഗസിൻ.

സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകണം സമഗ്ര വിദ്യാഭ്യാസം. സമൂഹത്തിൽ തകർത്ത് വാഴുന്ന അഴിമതിയുടെയും അന്യായങ്ങളുടെയും നേർക്ക്, വിഭാഗീയ ചിന്തകളുടെ ഇരുണ്ട മേഘങ്ങൾ വന്ന് നിറയുന്ന സമൂഹത്തിലേക്ക് ഒരുമയുടെ വെളിച്ചം നൽകുന്ന ഈ നൂതന സംരംഭം. സാങ്കേതിക വിദ്യയിൽ പുതുതലമുറ വളരെ ദൂരം സഞ്ചരിച്ചു എന്നതിന്റെ ദൃഷ്ടാന്തം ആണ്. കൈയെഴുത്ത് മാസികയിൽ നിന്നും വ്യതിചലിച്ച് വാക്കുകളിലും വരികളിലും ആയി ഒളിപ്പിച്ചുവച്ച സർഗാത്മകത ഡിജിറ്റൽ രൂപം കൈവരിക്കുകയാണ്. മധുരം ഉള്ള വാക്കുകൾ കൊണ്ട് മാന്ത്രികമായ കഴിവുകളിലൂടെ പുതിയതിനെ സൃഷ്ടിക്കാനുള്ള ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഈ ശ്രമം പുതുമയുടെ പാതയിലെ നാഴികക്കല്ല് ആയിരിക്കും. കാലഘട്ടത്തിന്റെ നിയോഗം പോലെ പുത്തൻ സാങ്കേതികവിദ്യയിൽ നിന്നും ഊർജം ഉൾക്കൊണ്ട ഞങ്ങളുടെ ഈ സംരംഭം ഒരു ഓർമപ്പെടുത്തലാണ്. പുതിയ കാലത്തിന്റെ കൈയൊപ്പാണ്.

എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

1. ഋത്വിക എസ്
2. അമൃതപ്രിയ സി
3. അലൻ ജയസൂര്യ
4. ഋതുനന്ദ വി
5. ശ്രീനന്ദ് എസ്
6. ഹരിപ്രിയ വി പി
7. മുഹമ്മദ് ഫായിസ് വി സി
9. സുശാന്ത് മാസ്റ്റർ (വിദ്യാരംഗം കൺവീനർ)
10. പ്രജോഷ് എ കെ(കൈറ്റ് മാസ്റ്റർ)
11. ശ്രീമജ കെ(കൈറ്റ് മിസ്ട്രസ്)


## ഉള്ളടക്കം

സൈബർ ലോകത്തെ സാഹിത്യം.....6
നവകേരളം.....8
പ്രഭാതകിരണം.....10
ഒരേ പാതയിൽ.....11
ഇരുട്ടിന്റെ പാതയിൽ .....13
സ്മാർട്ട് ഫോണുണ്ടോ? വിഷാദരോഗം പിന്നാലെയുണ്ട് .....15
ബാക്കിയാവുന്ന സ്വപ്നം.....16
അന്ത്യശാസനം.....18
കാളയും അതിന്റെ കൂർമ്മ ബുദ്ധിയും.....20
ഊർജ്ജ പ്രതിസന്ധി.....21
വെളിച്ചം ദുഃഖമാണ് ഉണ്ണി പ്രളയമല്ലോ സുഖപ്രദം.....24
ആയുസ്സ് നീട്ടാൻ മാനദണ്ഡങ്ങൾ.....25
കണ്ടൽ സംരക്ഷിച്ച കല്ലേൻ പൊക്കുടൻ.....26
മാറുമെന്ന് ഹോക്കിങ്ങ്.....27
പരിസ്ഥിതി മലിനീകരണം.....28
നോഹയുടെ വിത്തുപേടകം.....31
പ്രളയം.....32
ഭാഷയും വായനയും.....33
ന്യൂജനറേഷൻ.....34
പ്രകൃതിയെ സ്നേഹിച്ച ബഷീർ.....35
മധുരമാം ബാല്യം.....38
ചന്ദന മണമുള്ള യാത്ര.....39
ന്യൂജനറേഷൻ പരീക്ഷാഫലം.....41
തത്സമയം ഫിഫയിൽ.....44
കാലം.....45
8 മഴ ഒരനുഭവം.....46
ജാലകം.....46
ബന്ധങ്ങൾ.....46
കുടിയൊഴിപ്പിക്കൽ.....47
മഹത് വചനങ്ങൾ.....4

# സൈബർ ലോകത്തെ സാഹിത്യം

ഘനശ്യാം കെ

*സാഹിത്യ ലോകം വളരുന്നു. "നാടോടുമ്പോൾ നടുവേ ഓടണം" എന്ന് പറയുന്നത് പോലെ സാഹിത്യ ലോകവും ജനറേഷന് കൂടെ പുരോഗമിക്കുന്നു. ഇന്ന് കഥകളോ കവിതകളോ വായിക്കാൻ പുസ്തകങ്ങൾ വാങ്ങണമെന്നില്ല, പകരം ഒരു സ്പർശനം മതി. നമ്മുടെ വിരൽ തുമ്പിലാണ് ലോകം.*



*ഇന്ന് കലാപ്രതിഭകൾക്ക് വളർന്നുവരാനുള്ള അവസരങ്ങൾ ഏറെയാണ്. അതുകൊണ്ട് തന്നെ തന്റെ പ്രതിഭ ഏറെ പേരും സമൂഹത്തിൽ കാഴ്ച്ചവച്ചു. ഇതിനെല്ലാം കാരണം സൈബർസെൽ ലോകമാണ്. എഫ് ബി, യൂ റ്റ്യൂബ്, ട്വിറ്റർ അങ്ങനെ വിവിധതരം മാധ്യമങ്ങൾ. തന്റെ കഴിവ് തെളിയിക്കാനുള്ള സുവർണ്ണ കവാടങ്ങളാണ് ഇവ. സാഹിത്യ ലോകം വളരുന്നതു പോലെ നമ്മുടെ അവസരങ്ങളും വർധിക്കുന്നു. ഇങ്ങനെ വളരെ അധികം ജനങ്ങളാണ് പ്രശസ്തരായിരിക്കുന്നത്.*

*നവമാധ്യമങ്ങളുടെയും ഇലക്ട്രോണിക് മാധ്യമങ്ങളുടെയും ആവിർഭാവത്തോടെ സാഹിത്യരംഗത്തും കലാരംഗത്തും വിസ്മയകരമായ വികാസമാണ് ഉണ്ടായത് എന്ന് പറയാതെ പറ്റില്ല. സാഹിത്യത്തിലെ ഘടനാപരമായ നിയമങ്ങൾ ഒന്നും അറിയാത്തവർ പോലും അവരുടെ ജീവിതത്തിലെ അനുഭവങ്ങളും നിമിഷങ്ങളും സാഹിത്യരൂപത്തിൽ നവമാധ്യമങ്ങളിൽ കുറിച്ചിട്ടു. അച്ചടിമാധ്യമങ്ങൾ, പുതിയതായി ഉയർന്നു വരുന്ന സാഹിത്യകാരൻമാർക്ക് നിശ്ചയിച്ച വേലിക്കെട്ടുകൾ അവർ പിഴുതെറിഞ്ഞു.*

*അച്ചടിമാധ്യമങ്ങളിൽ നിലനിന്നിരുന്ന സ്വജന പക്ഷപാതവും, അഴിമതിയും കെടുകാര്യസ്ഥതയും നവമാധ്യമങ്ങളിലൂടെ ഉയർന്ന് വന്ന സാഹിത്യകാരൻമാർ തുറന്നുകാട്ടി. സാഹിത്യരംഗത്തെ കുലപതിമാർക്ക് സമാനമായി*

ഒരുപാട് യുവസാഹിത്യകാരൻമാർ അതിർവരമ്പുകൾ കടന്ന് മുഖ്യധാരയിലേക്ക് വന്നു. ഇവ നവമാധ്യമങ്ങളുടെ സ്വധീനം കൊണ്ട് മാത്രമാണ് എന്ന് പറയാതെ വയ്യ. ഗുണകരമായ മാറ്റം മാത്രമാണ് ഇതുകൊണ്ട് ഉണ്ടായത് എന്നൊന്നും പറയാൻ സാധിക്കില്ല. ഗുണദോഷസമ്മിശ്രം ആയിരിക്കുമല്ലോ പ്രപഞ്ചത്തിലെ എല്ലാ മാറ്റവും. അനുപാതത്തിൽ ഗുണത്തിന്റെ വശം കൂടുതലാവുമ്പോൾ  അത് സമൂഹത്തിൽ നിലനിൽക്കും എന്ന് മാത്രം. വ്യക്തികളെ അധിപേക്ഷിക്കാനും സാഹിത്യത്തിൽ അനാവിശ്യവും ഗൗരവമല്ലാത്ത വിമർശനങ്ങൾ കൊണ്ടുവരാനും നവമാധ്യമങ്ങളിലൂടെ പലർക്കും സാധിച്ചു. ഇടക്കാലത്ത് മീശ എന്ന നോവലിന്റെ പ്രസിദ്ധീകരണത്തോടെ നടന്ന അനാരോഗ്യകരമായ സംവാദങ്ങൾ നവമാധ്യമങ്ങളുടെ മാത്രം സംഭാവനയാണ്. അത് സത്യസന്ധവും ക്രിയാത്മകവുമായ വിമർശനങ്ങളുടെ പരിധി കടന്ന് ജാതിമത ചിന്തകളിലേക്കും വ്യക്തിഹത്യകളിലേക്കും പോയത് ഈ മാധ്യമത്തിന്റെ ദോഷമാണ്.

2000 ത്തിൽ ആരംഭിച്ച് ഇന്ന് ശക്തിപ്പെട്ട നവമാധ്യമ സങ്കൽപ്പങ്ങൾ നമ്മുടെ സാഹിത്യത്തേയും കലയേയും ആകാശത്തോളം ഉയർത്തി എന്ന് പറയാതെ തരമില്ല.മനസ്സിൽ ഉയർന്നുവരുന്ന മുഴുവൻ സർഗാത്മക ചിന്തയേയും ഈ ലോകത്തിന് മുമ്പിൽ പ്രസരിപ്പിക്കാൻ ഏതൊരു സാധാരണക്കാരനും സാധിച്ചത് ഈ മാധ്യമം മൂലമാണ്. വൃത്തമില്ലാതെ നിയന്ത്രണമില്ലാതെ മനുഷ്യ ഹൃദയത്തിന്റെ താളവും ഭാവവും മാത്രം ലക്ഷ്യം വച്ച് കവിത രചിക്കാനും, നമ്മുടെ സുന്ദരമായ ചിന്തകളെ അപരന്റെ മനസ്സിൽ പകർന്ന് നൽകാനുള്ള രചനാത്മകമായ ഇടപെടൽ നടത്താനും നമ്മെ പ്രാപ്തമാക്കിയത് യുവമാധ്യമ സംവിധാനം തന്നെ സംശയമില്ല.  ആധുനിക ലോകം സൈബർ പടവുകളിലൂടെയാണ് വളർന്നുകൊണ്ടിരിക്കുന്നത്. മനുഷ്യന്റെ സൈബർ ലോകത്തേക്കുള്ള കടന്നുകയറ്റം ദിനംതോറും വർധിക്കുന്നു. കംമ്പ്യൂട്ടർ മൊബൈൽ ഫോൺ തുടങ്ങിയ ആധുനിക ഉപകരണങ്ങളാൽ ചുറ്റപ്പെട്ടതാണ് സൈബർ ലോകം. ഒരു ജീവന്റെ തുടിപ്പും ഇന്ന് സൈബർ ലോകത്തിന്റെ കീഴിലാണ്.

മാറ്റങ്ങൾ മാത്രം ആവശ്യമുള്ള മനുഷ്യൻ അവരുടെ ആവശ്യങ്ങൾക്കും താൽപ്പര്യങ്ങൾക്കും വേണ്ടി പ്രയത്നിച്ചു. അങ്ങനെ അവിടെ പുതിയ സാങ്കേതിക വിദ്യകൾ ഉടലെടുത്തു. അതിനെ ഓരോ ജനതയും ഒന്നടങ്കം സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഈ തിരക്കേറിയ ജീവിതത്തിൽ സൈബർ ലോകത്തിന് വളരെ അധികം സാധ്യതകൾ ഉണ്ട്.

# നവകേരളം

*പ്രത്യുഷ് പി വി*



*കുറച്ചുനാളുകളായി നാം നവകേരളം എന്ന ലക്ഷ്യ സാക്ഷാൽക്കാരത്തിനായി കൈകോർക്കുകയാണ്. നമ്മൾ നേരിട്ട പ്രളയത്തിൽ നമുക്ക് ധാരാളം നാശങ്ങളും ബുദ്ധിമുട്ടുകളും നേരിടേണ്ടി വന്നു. ഒന്ന് ചിന്തിച്ചുനോക്കൂ.ഈ പ്രളയം നമുക്ക് നല്ല ചിന്തകൾ ഉണർത്തിത്തരുന്നില്ലേ?* സമൂഹത്തിൽ ഒത്തൊരുമയുടെ ആവശ്യകത പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം എന്നിവ ഈ പ്രളയം നമുക്ക തരുന്ന പാഠങ്ങൾ ആണ്.

ഈ പ്രകൃതിയിൽ നമ്മുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള ധാരാളം വസ്തുക്കൾ ഉണ്ട്. പക്ഷേ നമ്മുടെ അത്യാഗ്രഹത്തിന് അതു തികയില്ല. നമ്മൾ മനുഷ്യർ അത്യാഗ്രഹികളാണ്. നമ്മൾ ഈ കൃതിയിൽ ചെയ്യുന്ന വിപരീതമായ പ്രവൃത്തികൾ കാരണം പ്രകൃതിയിലെ കാലാവസ്ഥയും സന്തുലിതാവസ്ഥയും തകിടം മറിഞ്ഞിരിക്കുകയാണ്. ഇതിന്റെ ഫലമാണ് ഈ പ്രളയം,കൂടാതെ ഉരുൾപ്പൊട്ടലുകൾ ഈ പ്രളയത്തിന്റെ ആഘാതം കൂട്ടി. വനനശീകരണമാണ് ഉരുൾപൊട്ടലിന്റെ പ്രധാന കാരണം.മരങ്ങളുടെ വേരുകളുടെ ബലത്തിലാണ് ചെങ്കുത്തായ മലനിരകളിൽ മണ്ണ് ഇടറാതെ നിൽക്കുന്നത്. വിതച്ചതേ കൊയ്യൂ എന്ന പഴമക്കാരുടെ ചൊല്ലാണ് ഇവിടെ സത്യമായിരിക്കുന്നത്.

സമൂഹത്തിൽ ഒത്തൊരുമയുടെ പ്രാധാന്യമെന്തെന്ന് ഈ പ്രളയം മനസ്സിലാക്കിത്തരുന്നു. നാലു ചുവരുകൾക്കുള്ളിൽ മറ്റാരുമായോ നാട്ടുമായോ ബന്ധമില്ലാതെ താമസിക്കുന്നവരാണ് ഈ സമൂഹത്തിൽ ഭൂരിഭാഗവും അവർക്ക് ഒരു വലിയ പാഠമായിരുന്നു ഈ ദുരന്തം. രാഷ്ട്രീയം ജാതി മതാദികളുടെ പേരിൽ തമ്മിൽ തല്ലിയവരാണ് ഈ പ്രളയത്തിൽ ഒത്തൊരുമിച്ചത്. നമ്മുടെ സമൂഹത്തിൽ താഴെ തട്ടിലുള്ളവർ എന്നു കരുതിയ മുക്കുവന്മാരായിരുന്നില്ലെ അന്ന് നമ്മുടെ രക്ഷകർ.ഓരോ മനുഷ്യനും അവന്റേതായ കഴിവുകളുണ്ടെന്ന് മനസിലാക്കിത്തന്ന ഒരു പ്രളയം.

ഈ പ്രളയത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് ഒരു പുതിയ കേരളത്തെ വാർത്തെടുക്കാനുള്ള ഓട്ടത്തിനിടയിലാണ് നമ്മൾ. എങ്ങനെയാകണം നവകേരള നിർമ്മിതി? ഈ ചോദ്യത്തിന് ഇന്ന് വളരെയേറെ പ്രസക്തിയുണ്ട്. പണ്ടത്തെ പോലെത്തന്നെ കോൺക്രീറ്റ് മലകൾ നഗരങ്ങളാകുന്ന കാടുകളാണെങ്കിൽ നമ്മൾ

വളരെയേറെ ബുദ്ധിമുട്ടേണ്ടി വരും. നിങ്ങൾക്കറിയില്ലേ സുസ്ഥിരവികസനമെന്ന പദ്ധതിയെ പറ്റി. നമ്മൾ ഒരു ഭാഗമാളുകൾ, റോഡുകൾ, വൻകിട കെട്ടിടങ്ങൾ എന്നിവക്കായി ഉപയോഗിക്കുമ്പോൾ മറ്റൊരു ഭാഗം മരങ്ങൾ വച്ചുപിടിപ്പിക്കാനായി ഉപയോഗിക്കാം. അങ്ങനെ ഭാവിക്കൊരു മുതൽക്കൂട്ടാകുന്ന തരത്തിലുള്ള വികസനം ഏവർക്കും സൗകര്യപ്രദമായിരിക്കും. ഇൗയൊരു തരത്തിലുള്ള വികസനമാണ് നവകേരളത്തിനാവശ്യം.

# പ്രഭാതകിരണം

പൂജ

*വിശ്വം ദീപ്തമയമാക്കീടുവാൻ*
*ദീപവുമായ് വന്നുദിച്ച സൂര്യൻ*
*സർവ്വചരങ്ങൾക്കു ദീപമേകാൻ*
*മന്നിലേക്കെത്തി കതിർക്കണങ്ങൾ...*
*സൂര്യന്റെവെട്ടം കണ്ടുകണ്ടങ്ങനെ*
*കാക്കകുറുമ്പിയുമെത്തി കൂടെ...*
*പുതിയ പുലരിയെ വരവേൽക്കുവാൻ*
*സർവ്വചരങ്ങളുണർന്നു നിന്നു*
*എന്മലർവാടിയിലുള്ള മൊട്ടും*
*മെല്ലെതലയതുയർത്തി നിന്നു*
*പൂന്തേൻ നുകരുവാനെത്തി വണ്ടും*
*പനിനീർ പൂവിൻ ഭംഗിയിലാഴ്ന്നിറങ്ങി*
*ഒരു ദിനം സൂര്യനുദിച്ചില്ലെങ്കിൽ*
*ഈ ദൃശ്യം കാണുവതെങ്ങനെ നാം?*
*പുലർച്ചയ്ക്കെഴുന്നേറ്റ സൂര്യനെ നാം*
*സന്ധ്യയാവോളവും കണ്ടീടുന്നു*
*പോയോന്നുറങ്ങീടു സോദരാ നീ*
*നാളെ പുലർച്ചക്കു കാണുവാനായ്...*

# ഒരേ പാതയിൽ

*ശ്രീനന്ദ വി*

അവൾ നടക്കുകയായി ലക്ഷ്യമില്ലാതെ. എങ്ങോട്ട് പോകണമെന്നറിയാതെ... തല ചായ്ക്കാൻ ഒരിടം കിട്ടിയാൽ മാത്രം മതി. അവൾ നടക്കുന്ന വഴിയെങ്ങും നിശബ്ദം. അവിടെ കാറ്റു പോലും നിശബ്ദത പാലിക്കുന്നതായി അവൾക്ക് തോന്നി. ഇരുൾ നിറഞ്ഞ വഴികളിലൂടെ നിലാവിന്റെ മങ്ങിയ ഒരു വെളിച്ചത്തിന്റെ സാനിധ്യത്തിലാണ് അവൾ മുന്നോട്ട് സഞ്ചരിക്കുന്നത്. അങ്ങകലെ ഒരു മനുഷ്യൻ നടന്നു വരുന്നത് അവളുടെ ശ്രദ്ധ ആകർഷിക്കുവാൻ ഇടയായി. അവളുടെ മനസ്സിൽ എന്തൊക്കെയോ മിന്നി മായുന്നു. പല ചോദ്യങ്ങൾ മനസ്സിലാരാഞ്ഞു കൊണ്ടിരിക്കുന്നു. അതാ അങ്ങകലെ കണ്ട മനുഷ്യൻ തന്റെ അടുത്തെത്തി കഴിഞ്ഞിരിക്കുന്നു.

ആ മനുഷ്യന്റെ മുഖം പ്രസന്നത ഏറിയതായിരുന്നു. കണ്ണുകളിൽ തിളക്കവും സ്നേഹവും ദയയും കാണപ്പെട്ടു. ഏറിയാൽ ഒരു മുപ്പത്തിയെട്ട് വയസ്സെങ്കിലും ഉണ്ടായിരിക്കാം. മുടി കറുത്ത് ചുരുണ്ടിരിക്കുന്നു. ഷർട്ടും ലുങ്കിയും തോളിൽ ഒരു മുണ്ടും ഇതായിരുന്നു ആ മനുഷ്യന്റെ വേഷം. കൈയ്യിൽ ഒരു സഞ്ചി ഇരിപ്പുണ്ട്. അതിൽ നിറയെ സാധനങ്ങളും, ഷർട്ടിന്റെ പോക്കറ്റിൽ നിന്നും ബീഡി പാക്കറ്റ് പുറത്തേക്ക് കാണുന്നു. അദ്ദേഹം എന്റെ അടുത്ത് വന്ന് ഒന്നു തലോടിയതിനു ശേഷം എന്നോട് ചോദിച്ചു മോളേ പേരെന്തുവാ? വല്ലതും കഴിച്ചീരുന്നോ? ആദ്യം മറുപടി പറയാൻ താൽപര്യപ്പെട്ടില്ലെങ്കിലും പിന്നീട് പറഞ്ഞു. എന്റെ പേര് കാർത്തിക എന്റെ ആഹാരത്തിനുള്ള വക ഇല്ലാത്തതിനാൽ ഒന്നും കഴിച്ചിട്ടല്ല. എന്റെ മറുപടി കേട്ടയുടൻ അദ്ദേഹം സഞ്ചിയിൽ നിന്ന് ഒരു വലിയ പൊതി എന്റെ കൈയിൽ തന്നിട്ട് അദ്ദേഹം എന്നോട് യാത്ര പറഞ്ഞകന്നുപോയി.

ഞാനടുത്തുകണ്ട ആൽമരച്ചുവട്ടിലേക്കും കുറച്ചുനേരം ഇരുന്നതിനുശേഷം ഞാൻ എനിക്ക് ലഭിച്ച പൊതി തുറന്നുനോക്കി ആ പൊതി നിറയെ ആഹാരം ആയിരുന്നു. അതു കണ്ടപ്പോഴേ സന്തോഷം കൊണ്ട് എന്റെ കണ്ണുനിറഞ്ഞിരുന്നു. ആഹാരം കഴിച്ചതിനുശേഷം ഞാൻ ഒന്നു വെറുതെ തല ആൽത്തിണ്ണയിലേക്ക് വെച്ചു. ഉറക്കം വന്നില്ല പകരം തന്റെ പോയകാലമാണ് ഓർമയിൽ വന്നത്. ഞാൻ സ്കൂൾ വിട്ട് വരുന്നതും കാത്തു നിൽക്കുന്ന അമ്മ. ഞാൻ എന്താവശ്യപ്പെട്ടാലും വാങ്ങിത്തരുന്ന അച്ഛൻ. സുഖകരമായ ജീവിതമായിരുന്നു അത്. അങ്ങനെ ഇരിക്കയാണ് തന്റെ കൺമുമ്പിൽ വച്ച്

അമ്മയും അച്ഛനും വാഹനാപകടത്തിൽ പെട്ട് മരിച്ചു വീഴുന്നത്. പിന്നീടുള്ള ജീവിതം ഏകയായി ആർക്കോ വേണ്ടി ജീവിക്കുന്നതിന് തുല്യമായിരുന്നു. അങ്ങനെ ഇരിക്കയാണ് നല്ല മനസ്സിന്റെ ഉടമയായ 'സതീഷേട്ടൻ' എന്നെ എടുത്ത് വളർത്തുന്നത്. അദ്ദേഹം ദയയുള്ളവനായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ 'വിലാസിനി' വെറും ക്രൂരയായിരുന്നു. കിട്ടിയ സമയം പാഴാക്കാതെ അവർ എന്നെ കൊണ്ട് ജോലി ചെയ്യിക്കുമായിരുന്നു. എത്ര ഭംഗിയായി ജോലി ചെയ്തു തീർത്താലും എന്തെങ്കിലും കുറ്റമൊക്കെ കണ്ടെത്തും. 'സതീഷേട്ടൻ' ജോലിക്കായി തൃശ്ശൂരിലേക്ക് പോയി. ആ അവസരം മുതലെടുത്ത് 'വിലാസിനി ' ഏച്ചി തന്നെ കൊണ്ട് ആഹാരം പാകം ചെയ്യുക, അലക്കുക തുടങ്ങി ജോലികൾ എന്നെ കൊണ്ട് ചെയ്യിപ്പിക്കാറുണ്ട്. എത്ര സ്വാദിഷ്ടമായ ആഹാരം വെച്ചു കൊടുത്താലും രുചിയില്ലെന്ന് പറഞ്ഞ് ശാസിക്കുകയും തൊഴിക്കും. എന്തും ഞാൻ സഹിക്കും. പക്ഷെ വെച്ചുണ്ടാക്കിയ ആഹാരം വയറു നിറച്ച് കഴിച്ച് അതിനെ കൊണ്ട് കുറ്റം പറയുന്നത് എനിക്ക് സഹിക്കാവിന്നതിലും അപ്പുറമായിരുന്നു. അങ്ങനെ ഒരു ദിവസം അവരുറങ്ങുന്ന തക്കം നോക്കി അവിടെ നിന്നിറങ്ങി ഇവിടെ വരെ എത്തിയതും എല്ലാം അവളുടെ മനസ്സിൽ ഒരു മിന്നൽ പോലെ വന്നു പോയി. പിന്നീട് കണ്ണിൽ ഉരക്കം വന്നു. അങ്ങനെ ഉറങ്ങിപ്പോയി.

രാവിലെ ഉണർന്നപ്പോൾ തന്റെ അരികിൽ മറ്റൊരു പെൺക്കുട്ടിയെയും ഒരു പൂച്ചയെയും കണ്ടു. അവർ രണ്ടു പേരും ഉറങ്ങുകയായിരുന്നു. വിളിച്ചുണർത്താൻ മനസ്സനുവദിച്ചില്ല. അതിനാൽ അവറുണരും വരെ കാത്തിരുന്നു. കാത്തിരിപ്പിന് അന്ത്യം കുറിച്ചു കൊണ്ട് ആ പെൺക്കുട്ടി ഉണർന്നു. ഞാനവളോട് പേരും വീടും ചോദിച്ചറിഞ്ഞു. അവളുടെ പേര് 'കാവ്യ' എന്നാണ്. അവളുടെ പൂച്ചയുടെ പേരാകട്ടെ 'ബെല്ലി ' എന്ന്. അവളുടെ ജീവിത കഥയറിയാൻ എനിക്ക് വളരെ താൽപ്പര്യം തോന്നി. നിന്റെ ജീവിതത്തിൽ എന്താണുണ്ടായതെന്ന് അവളോട് ചോദിച്ചു. അവളുടെ ജീവിതവും എന്റെ ജീവിതവും തമ്മിൽ ചെറിയ വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൾക്ക് അച്ഛൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അച്ഛൻ രണ്ടാം വിവാഹം കഴിച്ചു. ആ സ്ത്രീ ആകട്ടെ അവളെ ഉപദ്രവിക്കുകയും ശാസിക്കുകയും ചെയ്യും. അത് സഹിക്കവയ്യാതെയാണ് താൻ വീട് വിട്ട് വന്നതെന്നും കാവ്യ പറഞ്ഞു നിർത്തി. രണ്ടുപേരും തന്റെ ജീവിത കഥകൾ പരസ്പരം പങ്കുവച്ചപ്പോൾ അവരുടെ മനസ്സിൽ നിന്ന് വലിയൊരു ഭാരം ഇറക്കിവച്ചതായി അവർക്കനുഭവപ്പെട്ടു. ഇനി അങ്ങോട്ടുള്ള അവരുടെ യാത്രയിൽ അവർ മൂവരും ഒരുമിച്ചാണെന്നും അവർ ഉറപ്പിച്ചു. ഇനിയങ്ങോട്ട് എന്തു തന്നെ സംഭവിച്ചാലും ഒരുമിച്ച് നേരിടാം എന്ന് പറഞ്ഞ് അവർ അനന്തമായി കിടക്കുന്ന ഭൂമിയിലെ വഴികളിലൂടെ ഒരുമിച്ച് യാത്രയായി.

## ഇരുട്ടിന്റെ പാതയിൽ ...

*ഘനശ്യാം കെ*

അവൻ തേങ്ങിക്കരഞ്ഞു ഒരു മഴയ്ക്കായി, തന്റെ കുടുബാംഗങ്ങളെ ഒന്ന് കുളിരണിയിപ്പിക്കാനായി. വെള്ളം വറ്റി വരളുകയാണ്. ഈ കുളത്തിലെ ജലം കൂടി വറ്റിയാൽ നമ്മുടെ അന്ത്യം തീർച്ച. അത് കുട്ടന് തീർച്ചയായിരുന്നു. പണ്ടത്തെ ആ പ്രദേശം ഒന്ന് കൂടി അവൻ സ്മരിച്ചു. മരങ്ങളായാലും കുറ്റി ചെടികളായാലും നിറഞ്ഞ ഒരു വന പ്രദേശം. എന്നാൽ മനുഷ്യന്റെ ചെയ്തികൾ അത് കുട്ടനെയും കുടുംബത്തെയും ചെറുതല്ലാതെ ബാധിച്ചു. അവർ വംശനാശത്തിന്റെ വക്കിലാണ്. ഇതു പോലെ സുന്ദരമായ മത്സ്യങ്ങൾ ഇനി കുറച്ചേയുള്ളൂ.

തന്റെ കണ്ണീരാൽ അവൻ തന്റെ മേനി ഈറനണിയിച്ചു. എന്നിട്ട് പറഞ്ഞു "ദൈവമേ നീ മാത്രമാണ് ഇനി നമുക്ക് ഉണ്ട". എന്റെ കുടുബാംഗങ്ങൾ ഒരു വിധം ചത്തൊടുങ്ങി. ഇനി അവശേഷിക്കുന്നത് അഞ്ചോ ആറോ പേർ. അങ്ങനെ അവന്റെ വിളി ദൈവം കേട്ടു. വാനം കാർമേഘത്താൽ മൂടി. പെയ്യാൻ വിമ്പിയ കാർമേഘം ഒരിടിയോടെ പെയ്തു. നിമിഷങ്ങൾക്കകം അത് നിലച്ചെങ്കിലും അത് ആശ്വാസമായി. പട്ടണത്തിലെ വേസ്റ്റ് കുളത്തിൽ നിന്നും മറ്റൊരിടം തേടി കുട്ടനും കുടുബാംങ്ങളും യാത്രയായി. കോൺക്രീറ്റ് ചെയ്ത നിലത്തിൽ ഉള്ള കുഴികളിൽ കെട്ടിനിന്ന വെള്ളം ആ പാതയിൽ അവന് ചെറുതായെങ്കിലും ആശ്വാസമേകി.

തന്റെ യാത്രയിൽ അവൻ പല വീട്ടിലെ കിണറുകളിലും നോക്കി കുട്ടയിട്ട അത്തരം വീടുകളിലെ കിണറിൽ ഒരു തുള്ളി ജലം പോലും ഉണ്ടായിരുന്നില്ല. അതിനാൽ അവൻ സ്വയം മന്ത്രിച്ചു "മരം വെട്ടുന്നതും, കുളം നികത്തുന്നതും, മണൽ വാരുന്നതും ഇവർക്കു തന്നെ വിനയാകുന്നു..." തന്റെ യാത്ര അവൻ തുടർന്നു. അവനറിയാവുന്ന ഒരു നദിയിൽ ചെന്നു നോക്കി. "ഇല്ല...ഞാൻ ഇതി വിശ്വസിക്കില്ല..."കുട്ടൻ ഏങ്ങി...ഏങ്ങി കരഞ്ഞു. തികച്ചും മണലുകളാൽ നിറഞ്ഞ ഭൂമിയിൽ അവൻ തളർന്നു കിടന്നു. എന്നിട്ട് പറഞ്ഞു "മനുഷ്യാ വികസനമെന്നാൽ നീ മാത്രം ഈ ലോകത്ത് ജീവിക്കുന്ന ഒരു കാലഘട്ടം രൂപപ്പെടുത്തലാണോ...? നീ ഇതിന് അനുഭവിക്കും".

അവിടുന്ന് തന്റെ യാത്ര തിരിച്ചു. അവൻ ചുട്ടു പൊള്ളുന്ന ആ ഭൂമികയിലൂടെ നടന്നപ്പോൾ കുട്ടന്റെയും കുടുംബാഗങ്ങളുടെയും ദേഹമാകെ പൊള്ളി. ഒരു തുള്ളി ജലത്തിനായി അവനും കൂട്ടരും

അലഞ്ഞു നടന്നു. മൊബൈൽ ഫോണിൽ അന്തർമുഖനായി നിൽക്കുന്ന ബാലനെ അവന്റെ വീട്ടുപടിക്കൽ കണ്ടു. അവന്റെ പക്കൽ ചെന്ന് ഇങ്ങനെ ചോദിച്ചു "മകനെ നിന്റെ വീട്ടിലെ കിണറിൽ നമുക്ക അഭയം നൽകാമോ" മീനുകളുടെ ശബ്ദം കേട്ട് അവൻ തലയുയർത്തി നോക്കി. "ഓ എന്ത് മനോഹരമായ മത്സ്യങ്ങൾ. ഞാൻ ഒരു സെൽഫി എടുക്കട്ടെ?" താൽപ്പര്യമില്ലെങ്കിലും അവന്റെ മറുപടിക്ക് വേണ്ടി കാത്തിരുന്ന മത്സ്യങ്ങൾ അതിന് സമ്മതിച്ചു. എന്നിട്ട് അവൻ തുടക്കത്തിൽ എന്തൊക്കെയോ ചെയ്യുന്നത് മീനുകൾ ശ്രദ്ധിച്ചു. എന്നിട്ട് തന്റെ ചോദ്യം അവർ ഒന്നുകൂടി ആവർത്തിച്ചു. "ഒരു സെൽഫി കൂടി" എന്നിട്ട് അവൻ ഒന്നു കൂടി എടുത്തു. എന്നിട്ടവൻ പറഞ്ഞു ഓ തീർച്ചയായും നിങ്ങൾക്കെന്റെ കിണറിൽ താമസിക്കാം. അതിനവർക്ക് മറുപടി ഉണ്ടായിരുന്നില്ല.

# സ്മാർട്ട് ഫോണുണ്ടോ? വിഷാദരോഗം പിന്നാലെയുണ്ട് ...

-അനഘനന്ദ. പി-



രാത്രി ഫോണിൽ വാട്സപ്പും ഫെയിസ്ബുക്കും നോക്കി മണിക്കൂറുകളോളം ചെലവഴിക്കുന്നവരാണ് ഭൂരിഭാഗവും. അത്തരക്കാരെ സൂക്ഷിക്കുക. സാൻഫ്രാൻസിസ്കോ സ്റ്റേറ്റ് സർവകലാശാലയിലെ ഹെൽത്ത് എജ്യുക്കേഷൻ അധ്യാപകരായ റിച്ചാർഡ് ഹാർവേയുടെയും എറിക്ക് പെപ്പറിന്റെയും നേതൃത്വത്തിൽ 135 വിദ്യാർഥികളാണ് ഇതു സംബന്ധിച്ച് ഗവേഷണം നടത്തിയത് .

സ്മാർട്ട് ഫോണുകൾ അമിതമായി ഉപയോഗിക്കുന്നവരാണ് ഏറ്റവും വലിയ വിഷാദ രോഗികളും ഒറ്റപ്പെട്ടവരും അടിമയായി കാണും. പഠിക്കുന്നതിനിടയിലും ഭക്ഷണം കഴിക്കുന്ന-തിനിടയിലും ഫോൺ ഉപയോഗിക്കുന്ന ശീലവും മിക്കവരിലുമുണ്ട്. ഇത്തരത്തിൽ ഒന്നിൽ കൂടുതൽ കാര്യങ്ങൾ ഒരുനേരം ചെയ്യുമ്പോൾ ശരീരത്തിനും മനസ്സിനും വിശ്രമം ലഭിക്കാതെ വരുമെന്നും ഇത് കൂടുതൽ ആരോഗ്യ പ്രശ്നങ്ങളിലേക്ക് നയിക്കും. ഉത്കണ്ഠയിലേക്കും വിഷാദ രോഗത്തിലേക്കും എത്താൻ നിങ്ങൾക്കിനി അധികം ദൂരമില്ലെന്നാണ് കണ്ടെത്തൽ. സ്മാർട്ട് ഫോണുകളുടെ അമിതോപയോഗം തലച്ചോറുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്നും വേദന മാറ്റാൻ ഗുളിക കഴിക്കുന്നപോലെയാണ് മിക്കവർക്കും സ്മാർട്ട് ഫോണുകളെന്നും റിച്ചാർഡ് ഹാൻഷേയും എറിക് പെപ്പറും പറയുന്നു. സന്തോഷമായും സങ്കടമായാലും എല്ലാവരും ഒത്തുചേർന്ന് ആഘോഷിക്കാൻ ശ്രമിക്കുമ്പോൾ സ്മാർട്ട് ഫോൺ അടിമകൾ തങ്ങളുടെ ഫോണിലേക്ക് കൂടുതൽ ഒരുങ്ങാനാണ് ശ്രമിക്കുകയെന്നും ഇവർ ചൂണ്ടിക്കാണിക്കുന്നു.

സ്മാർട്ട് ഫോണുകൾ ഒരുപാട് രോഗങ്ങൾ ഉണ്ടാകുന്നു. ഇപ്പോഴത്തെ ഫോണുകൾ 1000,2000,3000 രൂപയുള്ള ഫോണല്ല. 20000,50000,35000 രൂപയുള്ള ഫോണാണ്. പാവപ്പെട്ടവരെ സാഹായിക്കാൻ പണമില്ല. ആവശ്യമില്ലാതെ സ്മാർട്ട് ഫോണിന് പണമുണ്ട്. ഭക്ഷണത്തിനും പഠിത്തത്തിനും ഇടയിൽ ഈ ഫോൺ ഇടയിൽ ഉണ്ടാവും.

# ബാക്കിയാവുന്ന സ്വപ്നം

*ശ്രീലയ വി പി*

*അന്നൊരിക്കൽ വിജനമായ പാതയിലൂടെ ഞാൻ ഒറ്റയ്ക്ക് നടക്കുകയായിന്നു.ആകെ ശാന്തമായ അന്തരീക്ഷം. ചുറ്റും വയലുകളായിരുന്നു. ശാന്തസുന്ദരമായ ഒരു കാലഘട്ടത്തെ വിളിച്ചോതുന്ന അനുഭൂതിയായിരുന്ന അത്. എന്നാൽ അത് എന്റേതായ ഒരു സ്വപ്നം മാത്രമായിരുന്നു. അപ്പോൾ ഞാൻ എന്റെ വീട്ടിൽ നോക്കെത്താ ദൂരത്തേക്ക് നോക്കിയിരിക്കുകയായിരുന്നു. എനിക്ക് രണ്ട് വയസ്സായിരുന്നപ്പോൾ തന്നെ എനിക്കെന്റെ അമ്മയെ നഷ്ടപ്പെട്ടു. ശേഷം അച്ഛൻ രണ്ടാമത് വിവാഹം കഴിച്ചു. രണ്ടാനമ്മയ്ക്ക് എന്നെ തീരെ ഇഷ്ടമല്ലായിരുന്നു. അച്ഛനും അതെ. അന്നൊക്കെ എന്റെ കൂടെ ഉണ്ടായിരുന്നത് ഞാൻ ദൈവത്തെ പോലെ കാണുന്ന എന്റെ കുഞ്ഞുണ്ണി മാഷായിരുന്നു.പഠിപ്പിൽ ഒന്നാമനായ എന്നെ സർക്കാർ സ്കൂളിൽ ചേർത്തത് കുഞ്ഞുണ്ണി മാഷായിരുന്നു. എന്റെ എല്ലാവിധ പഠനച്ചെലവും നോക്കിയിരുന്നത് കുഞ്ഞുണ്ണി മാഷാണ്.മാഷിന്റെ ഈ സ്നേഹം കാണുമ്പോൾ അല്ല ശരിക്കും ഞാൻ അനുഭവിക്കുകയാണ്. ഈയിടയ്ക്ക് ഞാൻ മാഷോട് പറയാറുണ്ട് ഇപ്പോൾ എന്റെ അമ്മയുണ്ടായിരുന്നെങ്കിൽ മാഷിന് ഇങ്ങനെ എനിക്കു വേണ്ടി കഷ്ടപ്പെടേണ്ടി വരില്ലായിരുന്നു എന്ന്. അപ്പോൾ മാഷെന്റെ പുറത്ത് രണ്ട് തട്ടും തട്ടി പറയും 'ടേക്ക് ഇറ്റ് ഈസി മേൻ ' എന്ന്.*

*ഒരു ദിവസം ഞാൻ സ്കൂളിലേക്ക് പോകുകയായിരുന്നു. എന്റെ സ്വപനത്തിലെ ആ വയൽ പകുതി മരിക്കാറായിരുന്നു. അതിലൂടെ പോകുന്ന ആളുകൾ പറയുന്നത് കേട്ടു അവിടെ ഒരു ഫാക്ടറി വരുന്നതിനാൽ ആ വയൽ നികത്താൻ പോവുകയാണെന്ന്.ആ വാർത്താ കേട്ടപ്പോൾ ഒരു നിമിഷം അവിടെ തന്നെ നിന്നുപോയി. എന്റെ നെഞ്ചിൽ കൈവച്ച് ഞാനാ വയലിനെ ദയനീയമായി നോക്കിയപ്പോൾ അത് കരയുന്നതായിട്ടാണ് എനിക്ക് തോന്നിയത്. അങ്ങനെ ഞാൻ സ്കൂളിലെത്തി ക്ലാസിലെ ബെഞ്ചിലിരുന്നിട്ടും എന്റെ മനസ്സ് ആ വയൽ മാത്രമായിരുന്നു. അതിനെന്തെങ്കിലും പറ്റിയോ എന്ന് കരുതി എന്റെ മനസ്സ് വ്യാകുലപ്പെട്ടു .ആ ദിവസം എനിക്ക് പഠനത്തിൽ ശ്രദ്ധിക്കാനേ കഴിഞ്ഞില്ല. എന്റെ സ്പനങ്ങൾ ബാക്കിയാവുകയാണല്ലോ എന്നോർത്ത് നിരാശനായി നിൽക്കുന്ന എന്റെ മുന്നിലേക്ക് കുഞ്ഞുണ്ണി മാഷ് വന്നു. മാഷെന്നോട് ചോദിച്ചു കണ്ണാ നിനക്കെന്തുപറ്റിയെന്ന് പക്ഷെ ഞാൻ ഒന്നും മിണ്ടിയില്ല. എന്നോട് പറയാത്തതായി നിന്റെയുള്ളിൽ എന്താണുള്ളത് എന്ന്*

*മാഷ് ചോദിച്ചപ്പോൾ അത്രയും സമയം സങ്കടമടക്കിപിടിച്ച ഞാൻ ഒരു വിങ്ങലോടെ മാഷ് പറഞ്ഞു എന്റെ വീടിനടുത്തുള്ള പകുതി മരിക്കാറായ ആ വയൽ പൂർണ്ണമായി ഇല്ലാതാക്കി അവിടെ ഫാക്ടറി പണിയാൻ പോകുന്നു എന്ന്. മാഷേ ഈ നിമിഷം ആ വയലിനുവേണ്ടി എനിക്കെന്താണ് ചെയ്യാൻ കഴിയുക. കണ്ണാ വയലുകൾക്കും പുഴകൾക്കും മറ്റും ആയുസ്സ് വളരെ കുറവാണ്. കാരണം ശ്രുഷ്ടി കർത്താവായ ദൈവമല്ല.മാം മനുഷ്യർ തന്നെയാണ്.*

*നാം മനുഷ്യർ സ്വാർഥ താൽപ്പര്യങ്ങൾക്കു വേണ്ടി വയലുകളും മറ്റും ചൂഷണം ചെയ്യുന്നു. എന്നാൽ ചിലരെങ്കിലും ഇതിനെതിരെ പ്രവർത്തിക്കുന്നു എന്നതാണ് ഒരു ചെറിയ നേട്ടം. ഈ നിമിഷം നിനക്ക് ചെയ്യാൻ കഴിയുന്നത് ഒന്ന് മാത്രം ഇനി ഒരു വയലിനും ഈ ദുരവസ്ഥ ഉണ്ടാവനിടവരരുത്. നിന്നെ പോലുള്ള കുരുന്നു മനസ്സുകൾക്ക് എന്റെ എല്ലാ വിധ ഭാവുകങ്ങളും നൽകുന്നു. ശേഷം അവർ രണ്ടുപേരും വീട്ടിലേക്ക് മടങ്ങി.*

# അന്ത്യശാസനം

അമൃതപ്രിയ സി

അമ്മയാണ ഞാൻ....... ലോകത്തിന്റെ അല്ലെങ്കിൽ പ്രപഞ്ചത്തിന്റെ തന്നെ മാതാവ്. തന്റേത് എന്ന് പറയാവുന്ന എല്ലാം മക്കളുടെ സുഖത്തിനു വേണ്ടി ത്യജിച്ചവൾ. മതി...... എനിക്ക് ഇനിയും ഇത് സഹിക്കാനാവില്ല. ഹേ മനുഷ്യാ എനിക്ക് നിങ്ങൾ മാത്രമല്ല മക്കൾ ഈ ഭൂമിയിലെ ഓരോ പുൽക്കൊടിയും തൊട്ട് വൻ മരങ്ങൾ വരെ അല്ലെങ്കിൽ ഉറുമ്പ് തൊട്ട് ആന വരെ.... എല്ലാവരും എന്നെ സ്നേഹിക്കുന്ന എന്റെ മക്കളാണ്. പക്ഷെ നി മനസ്സിലാക്കിയില്ലല്ലോ ഈ അമ്മയെ.... മറ്റെല്ലാവരെക്കാളും എനിക്ക് പ്രിയം നിന്നോടായിരുന്നു. എന്റെ സന്തതിപരമ്പരയിലെ അവസാനത്തെ കണ്ണിയായ നി എന്റെ ജീവിതം ധന്യമാക്കും എന്ന് ഞാൻ കരുതി നിന്നെ സ്നേഹിച്ചു. മറ്റു മക്കളെക്കാൾ കഴിവും ബുദ്ധിയും ക്ഷമിക്കണം സാമർത്ഥ്യവും കുബുദ്ധിയും നിനക്കായിരുന്നു. പക്ഷെ ഈ അമ്മ അത് മനസ്സിലാക്കാൻ നന്നേ വൈകി..... നിന്റെ സഹോദരങ്ങളുടെ വിഹിതം പോലും നി എന്നിൽ നിന്ന് തട്ടി പറിച്ചപ്പോഴും, ഞാൻ നിന്നിൽ വിശ്വസിച്ചിരുന്നു.

പക്ഷെ..... ഇനിയും എനിക്ക് മൗനം പാലിക്കാൻ വയ്യ. കലിതുള്ളി നിൽക്കുന്ന കോമരത്തെ പോലെയാണ് ഇപ്പോൾ ഞാൻ. പക്ഷെ അന്ത്യത്തിൽ ഒരിക്കലും മഞ്ഞപ്പൊട്ട് ചാർത്തി നിന്നെ അനുഗ്രഹിക്കാൻ വേണ്ടി ആകില്ലെന്ന് മാത്രം ഈ അമ്മയുടെ ശരീരത്തെ വെട്ടിമുറിച്ച് നി അതിരുകടന്നപ്പോഴും നിനക്ക് പാൽ ചുരത്തിയ കുന്നുകളെ നി നിഷ്കരുണം അറുത്തുമാറ്റിയപ്പോഴും സ്വന്തം അമ്മയുടെ ഗർഭപാത്രത്തിനു പോലും നി നിന്റെ കച്ചവട കണ്ണുകളാൽ വിലയിട്ടപ്പോഴും ഞാൻ ക്ഷമിച്ചു. നി ദാഹിക്കരുത് എന്ന് കരുതി എന്റെ അവസാനത്തെ ചോരത്തുള്ളികൾ പോലും നിനക്ക് വേണ്ടി ഈ അമ്മ കരുതിയിരുന്നു. നിന്റെ ഈ ചെയ്തികൾ ഈ അമ്മ കാണാഞ്ഞിട്ടല്ല. ഞാൻ എല്ലാം കണ്ടില്ല എന്ന് കരുതുകയായിരുന്നു. നീ എപ്പോഴെങ്കിലും നിന്റെ തെറ്റുകൾ മനസ്സിലാക്കും എന്ന് ഞാൻ കരുതി. സ്വന്തം സഹോദരങ്ങളെ പോലും ചെന്നായയെ പോലെ എന്നിലേക്ക് നി പിന്നെയും ആർത്തിയോടെ ഓടിയടുക്കുന്ന നിന്നെ ഇനിയും സഹിക്കാൻ വയ്യ.

സംഹാരമൂർത്തിയായി ഇന്നു ഞാൻ മാറിയെന്ന് ഈ അവസരത്തിലും സമയം ഏറെ വൈകി എന്നറിയുന്നു. എന്നാലും എന്റെ മറ്റുമക്കളെ കാലന്റെ കൈയ്യിൽ കൊടുക്കാൻ വയ്യ. എനിക്ക്

നിന്റെ ആർത്തിപൂണ്ടതിൽ നിന്നും തിരിച്ചു പിടിക്കണം. അല്ലാം തിരിച്ചുപിടിക്കുക തന്നെ ചെയ്യും ഈ അമ്മ. മനുഷ്യാ...... നിന്റെ ഈ വെറിപിടിച്ച കണ്ണുകളിൽ ഇനി ഒരിക്കലും ഒരു നന്മയുടെ വെട്ടം ഉണ്ടാവില്ല എന്നറിയാം  എന്നാലും ഈ അമ്മ, ഭൂമി മാതാവ് നിന്നോട് പറയുകയാണ്. പറയാതെ പറഞ്ഞ മൗനത്തിൽ അമ്മ നിശബ്ദയായി. ആ ദീർഘനിശ്വാസം ഒരു തേങ്ങലായി.........

# കാളയും അതിന്റെ കൂർമ്മ ബുദ്ധിയും

ഗീതിക വിനോദ്

ഒരിടത്ത് ഒരു കൃഷിക്കാരനുണ്ടായിരുന്നു. ആ കൃഷിക്കാരൻ തന്റെ നിലം ഉഴാൻ ഒരു കാളയെ വെച്ചിരുന്നു. കാളക്ക് വയസ്സായതിനാൽ അതിനെ കാട്ടിൽ കൊണ്ടുപോയി വിട്ടു. തനിക്ക് താമസിക്കാൻ സൗകര്യമായി വെള്ളവും, പുല്ലും, ഉള്ള ഒരു സ്ഥലം തേടി കാള നടന്നു. വളരെ ദൂരം ചെന്ന കാള നല്ല  ഒരു കുളം, ഗുഹ, പച്ച പുല്ലുള്ള വയൽ വെളി, നിഴൽ നിരന്ന മരങ്ങൾ ഇതെല്ലാം തികഞ്ഞ ഒരു സ്ഥലം കണ്ടപ്പോൾ അവിടെ താമസിക്കാൻ തീരുമാനിച്ചു.

ഒരു ദിവസം ഒരു സിംഹം ആ ഗുഹയെ നോക്കി വന്നു കൊണ്ടിരുന്നു. ഇതു കണ്ട കാള ഗുഹയെ നോക്കി പറഞ്ഞു. സ്നേഹിതേ, നീ ഭയപ്പെടേണ്ട, ഇന്ന് നമ്മുടെ ഇര ഈ സിംഹമാണ്.  ഈ സിംഹം നമ്മുടെ അടുത്ത് വന്നാൽ ഞാൻ എന്റെ കൊമ്പ് കൊണ്ട് കുത്തി ഗുഹക്കുള്ളിലിടാം. ഇത് കേട്ട സിംഹം പേടിച്ച് തിരിഞ്ഞോടി.


ഓടുന്നതിനിടെ   സിംഹം ഒരു കുറുക്കനെ കണ്ടു. ആ കുറുക്കൻ സിംഹത്തോട് ചോദിച്ചു അങ്ങ് എന്തിനാണ് ഇങ്ങനെ ഭയപ്പെട്ട് ഓടുന്നതെന്ന്. ഇത് കേട്ട സിംഹം പറഞ്ഞു, ഞാൻ ഒരു കാളയെ കണ്ടിട്ടാണ് ഓടുന്നതെന്ന്. ഇത് കേട്ടതും കുറുക്കൻ പൊട്ടിച്ചിരിച്ചു. ശേഷം പറഞ്ഞു. അത് ഒരു സാധാരണ മൃഗമല്ലേ പക്ഷേ അങ്ങ് ഞങ്ങളുടെ രാജാവല്ലേ; എന്നിട്ടും എന്തിനാ അതിനെ പേടിക്കുന്നത്. ശരി അങ്ങ് വാ നമ്മുക്ക് രണ്ടു പേർക്കു കൂടി പോവാം എന്നാൽ അത് ഭയപ്പെടും.

അങ്ങനെ അവർ രണ്ടും പേരും കൂടി കാളയുടെ അടുത്ത് പോയി. ഇവരെ രണ്ടുപേരെ കണ്ടിട്ടും കാള ഒട്ടും ഭയപ്പെട്ടിരുന്നില്ല. ഇത് കണ്ട കാള കുറുക്കനോട് ചോദിച്ചു. ഞാൻ നിന്നോട് രണ്ട് സിംഹത്തെയല്ലേ കൊണ്ടുവരാൻ പറഞ്ഞത് നീ  എന്താ ഒരു സിംഹത്തെ മാത്രം കൊണ്ടുവന്നത്. ഇത് എന്റേ പാതികുടുംബത്തിനല്ലേ തികയുള്ളൂ എന്ന്. ഇത് കേട്ടതും രണ്ടുപേരും തിരിഞ്ഞോടി. അങ്ങനെ ആ കാള അവിടെ സുഖത്തിൽ ഗുഹയിൽ ജിവീച്ചു.

ഗുണപാഠം: ബുദ്ധിയാണ് ഏറ്റവും വലിയ ശക്തി

# ഊർജ്ജ പ്രതിസന്ധി

അമൃതപ്രിയ സി



ഊർജത്തിന്റെ അഭാവത്തിൽ യാതൊന്നിനും നിലനിൽപ്പില്ല എന്നതാണ് സത്യം. ആറ്റമെന്ന സൂക്ഷ്മ കണിക മുതൽ പ്രപഞ്ചമെന്ന സ്ഥൂലരൂപം വരെ അനന്തമായ ഊർജചൈതന്യത്തെ ഉൾക്കൊള്ളുന്നതിനാലാണ് നിലനിൽക്കുന്നത്. ഊർജത്തിന്റെ ഉപയോഗം വർദ്ധിക്കുകയും എന്നാൽ അതേ സമയം ആ അളവിന് ആവശ്യമായ ഊർജം ലഭിക്കാതെയും വരുന്ന അവസ്ഥ സംജാതമായാൽ അതിനെ നമുക്ക് ഊർജ പ്രതിസന്ധിയെന്ന വിളിക്കാം. ഗാർഹികാവശ്യം മുതൽ വ്യാവസായി-കാവശ്യങ്ങൾക്കു വരെ ഊർജം ആവശ്യമാണ്.ലഭ്യതയ്ക്കനുസരിച്ച് ഊർജ വിഭവങ്ങളെ നമുക്കു രണ്ടായി തിരിക്കാവുന്നതാണ്. ഇതിൽ ആദ്യ വിഭാഗമായ പരമ്പരാഗത ഊർജ സ്രോതസ്സിൽ കൽക്കരി, പെട്രോളിയം, താപവൈദ്യുതി, ആണവവൈദ്യുതി, ജല- വൈദ്യതി, എന്നിവ ഉൗൾക്കൊള്ളുന്നു. രണ്ടാമത്തെ വിഭാഗം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെന്നറിയപ്പെടുന്നു. സൗരോർജം, കാറ്റിൽ നിന്നുള്ള ഊർജം, ജൈവവാതകം, തിരമാലകളിൽ നിന്നുള്ള ഊർജ്ജം വേലിയോർജം, ഭൗമതാപോർജ്ജം എന്നിവയൊക്കെയും പാരമ്പര്യേതര ഊർജ കുടുംബത്തിലെ അംഗമാണ്. ഊർജ്ജ പ്രതിസന്ധിയിലേക്ക് വഴുതി വീഴുന്നതിനുള്ള പ്രധാന കാരണം പരമ്പരാഗത ഊർജ്ജ വിഭവങ്ങളുടെ നിയന്ത്രണാതീതമായ ചൂഷണവും ഉപയോഗവുമാണ്. ചുരുക്കം വർഷങ്ങൾ കഴിയുമ്പോൾ ഭൂമിയിൽ നിന്നും മായുവാൻ പോവുന്ന ഒരു പ്രധാന ഊർജ്ജ വിഭവമാണ് കൽക്കരി.നിരവധി പെട്രോളിയം ഉൗൽപ്പന്നങ്ങൾ ജന്മം കൊള്ളുന്നത് ഈ വിഭവത്തിൽ നിന്നാണ്. വികസ്വര രാഷ്ട്രമായ ഭാരതത്തിൽ ഏകദേശം 214000 ടൺ കൽക്കരി നിക്ഷേപം ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഇന്നത്തെ അവസ്ഥയിൽ 330 ദശലക്ഷം ടൺ കൽക്കരി പ്രതിവർഷം ഖനനം ചെയ്യുന്നുണ്ട്.

# ജലധാര

*ഘനശ്യാം കെ*

എത്ര സുന്ദരമാണി ഭൂമി! വർണ്ണഭംഗിയിൽ കണ്ണഞ്ചിപ്പിക്കുന്ന പൂക്കളും ഹരിതഭംഗിയും, കുളിർകാറ്റും, കളകളാരവമൊഴുക്കി പതഞ്ഞൊഴുകുന്ന അരുവികൾ, പുഴകൾ, വെള്ളച്ചാട്ടങ്ങൾ തിരമാലയൊഴിയാത്ത അനന്തമായ സമുദ്രം. ഭൂമിയിൽ ജലമില്ലെങ്കിലോ? ഈ മനോഹാരിതയും സമൃദ്ധിയും ഉണ്ടാകില്ല.

ഇന്ന് ഭൂമിയിൽ ശുദ്ധജലത്തിന്റെ അളവ് കുറയുകയാണ്. ഭൂമിയിലെ 3 ൽ 1 ജലമാണെങ്കിലും അതിൽ 33 ശതമാനം മാത്രമേ ജലമുള്ളൂ. അതും നാം മനുഷ്യർ മാലിന്യനിക്ഷേപത്തിലൂടെയും വിസർജ്യം വഴിയും ഇല്ലാതാക്കുന്നു. യഥാർഥത്തിൽ ഹിന്ദി ലേഖകൻ അശോക് ഗുജറാത്തി പറഞ്ഞതുപോലെ ജലബാങ്കുകളായിരിക്കും ഇനി നമുക്ക് ആശ്രയം.

കേരളത്തിൽ ഏകദേശം 45 ലക്ഷം കിണറുകളുണ്ട്.ഈ കിണറുകളിൽ നിന്നെല്ലാം കൂടി 1500 ദശലക്ഷം ഘനലിറ്റർ ജലം നിത്യേന ഉപയോഗിക്കുന്നു.ഇതിൽ 3 ലക്ഷത്തോളം കിണറുകൾ വറ്റിവരളും. പിന്നീട് അവർക്ക് ആശ്രയം സർക്കാർ പൈപ്പുകൾ മാത്രം. ഇനി കെ.പി അപ്പന്റെ സങ്കൽപ്പത്തിലുള്ള കാർമേഘങ്ങൾ താൽക്കാലികമാണ്. മനുഷ്യന്റെ ചെയ്തികൾ ഇനിയും ഇങ്ങനെ തുടരുകയാണെങ്കിൽ നാം പെട്ടും. കാരണം മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളിലും ജലത്തിന് നേരിട്ടോ പരോക്ഷമായോ സാന്നിദ്ധ്യമുണ്ട്. മാത്രവുമല്ല ഇന്ന ജലാശയങ്ങൾ വേസ്റ്റ് കുണ്ടാണ്. മലിനീകരിക്കപ്പെട്ട ജലം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ഏതെങ്കിലും അന്യപദാർഥങ്ങൾ ജലത്തിൽ കലരുമ്പോഴാണ് അത് മലിനമാകുന്നത്. അങ്ങനെയെങ്കിൽ കേരളത്തിലെ ഓരോ കിണറും മലിനമാണ്.

സുരങ്കങ്ങൾ ഒരു പക്ഷെ ഉത്തരകേരളത്തിൽ മാത്രം കണ്ടുവരുന്ന ഒന്നാണിത്. അതു മൂലം തെക്കൻ കേരളത്തിലെ ജനങ്ങൾക്ക് ഇതിനെക്കുറിച്ച് അത്ര ബോധം ഉണ്ടാകുകയില്ല. കാസർകോഡിൽ 500 ൽ അധികം സുരങ്കങ്ങൾ ഉണ്ട്. തിരശ്ചീനമായ കിണർ എന്ന് വിശേഷിപ്പിക്കുന്നതാണ് സുരങ്കങ്ങൾക്ക് ഏറെ അനുയോജ്യം. 1 മിനുറ്റിൽ ഏകദേശം സുരങ്കങ്ങൾ 11 ൽ അധികം ജലം തരുന്നു. പണ്ടു കർക്കിടക മാസത്തിൽ പെയ്യുന്ന മഴയേക്കാൾ എത്രയോ കുറവാണ് ഇപ്പോൾ പെയ്യുന്ന മഴ. പക്ഷെ ആ മഴയിൽ കിട്ടുന്ന ജലം പോലും ഇപ്പോൾ ഭൂമിക്ക് വലിച്ചെടുക്കാൻ സാധിക്കുന്നില്ല. വലിയ ഫാക്ടറികൾ നിർമ്മിക്കുമ്പോൾ നാം നമ്മെ തന്നെ നശിപ്പിക്കുകയാണെന്ന് അറിയുന്നില്ല, അല്ല ഓർക്കുന്നില്ല.

ജലബാങ്ക്, കേൾക്കുമ്പോൾ നല്ല ആശയം ആയിരിക്കാം. എ ടി എം മിഷനിൽ കുത്തിയാൽ ജലം  വരുന്നു, അത് ശേഖരിക്കുന്നു, അതുപയോഗിക്കുന്നു. പക്ഷെ, ഇങ്ങനെ ഒരവസ്ഥ അത് നരകത്തെക്കാളും വലിയ ലോകമാണ്. സംഭവം ഡൽഹിയിലും മറ്റും വന്ന് കഴിഞ്ഞു. ഇനി കേരളത്തിലേക്ക് വരാൻ അത്ര താമസമില്ല. ജലാശയങ്ങൾ മലിനമാക്കിയവരെ, ജലാശയങ്ങളിൽ വിസർജ്യം വിസർജിക്കുന്നവരെ, കാലാവസ്ഥ മോശമാക്കുന്നവരെ കഠിനമായ ശിക്ഷ നൽകുന്നവർ ആരാണോ ഏത് സർക്കാരാണോ അവർക്ക് കൊടുക്കും ജനങ്ങൾ ഒരു കൈയ്യടി. അപ്പോൾ നാം പറയും ചരിത്ര വിജയം.

# വെളിച്ചം ദുഃഖമാണ് ഉണ്ണി പ്രളയമല്ലോ സുഖപ്രദം

ദേവപ്രിയ.സി

ഈ കഥ മുന്നോട്ടു പോകുന്നത് ഉണ്ണിയുടെ ചിന്താഗതിയിലൂടെയാണ്.

ഒരു ദിവസ ഉണ്ണി സന്ധ്യ സമയത്ത് പഠിക്കാൻ ഇരുന്നപ്പോൾ ട്ടും.... എന്ന ഒരു ശബ്ദം കേട്ടു. അപ്പോൾ ഉണ്ണി പേടിച്ചു പോയി. ഉണ്ണി അച്ഛനോട് കാര്യം തിരക്കി. അച്ഛൻ പറഞ്ഞു മോനെ അത് ബോംബ് പൊട്ടിയത്. ഇപ്പോൾ നാട്ടിലൊക്കെ പ്രശ്നമാണ് മോനെ. ഉണ്ണി ചോദിച്ചു എന്താ അച്ഛാ പ്രശ്നം. അച്ഛൻ പറഞ്ഞു മോനെ ഇപ്പോൾ പത്രങ്ങളിലൊക്കെ കാണുന്നില്ലേ ജാതിയും, മതവും, രാഷ്ട്രീയവും പറഞ്ഞ് അടി നടക്കുന്നത്. അമ്മ പറഞ്ഞു മോനെ നീ ഒറ്റയ്ക്ക് പുറത്തിറങ്ങണ്ട. നീ അച്ഛൻ പറയുന്നത് കേൾക്കുന്നില്ലേ ഇങ്ങനയോരോ സംഘർഷം. ഇതെല്ലാം പറഞ്ഞ് നേരം പോയത് അവർ അറിഞ്ഞില്ല. രാത്രി അത്താഴം കഴിഞ്ഞ് അവർ ഉറങ്ങാൻ കിടന്നു.

അടുത്ത ദിവസം ഉണ്ണിയും, അച്ഛനും കവലയിലേക്ക് ഇറങ്ങിയപ്പോൾ കവലയാകെ സംഘർഷഭരിതമാണ് ജാതി പറഞ്ഞും മതം പറഞ്ഞും മൊത്തം അടിപിടി നടക്കുകയാണ്. ഉണ്ണി ഒന്നു പുറകോട്ടു ചിന്തിച്ചു. ഒരു പ്രളയം വന്ന കാലം അവിടെ ജാതിയില്ല, മതവുമില്ല. എല്ലാമനുഷ്യരും ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞിരുന്ന കാലം. ഒരു പാക്കറ്റ് ബ്രഡ് കിട്ടിയാൽ എല്ലാ മനുഷ്യരും വീതിച്ചെടുക്കുന്ന കാലം. ഒരു പാത്രത്തിൽ ഭക്ഷണം കഴിച്ചും ഒരു പായയിൽ ഉറങ്ങിയിരുന്ന കാലം.

ഹിന്ദുവോ, മുസൽമാനോ ഏത് മതമാണെന്നറിയാതെ ആൾക്കാരെ രക്ഷിച്ചിരുന്ന കാലം. എല്ലാവരും ക്യാമ്പിൽ കുട്ടുകുടുംബങ്ങളെ പോലെ കഴിഞ്ഞിരുന്ന കാലം. ഇതെല്ലാം ഉണ്ണി ചിന്തിച്ചു. ഉണ്ണി അച്ചനോടു പറഞ്ഞു അച്ഛാ ഇതിനേക്കാൾ നല്ലത് പ്രളയം തന്നെയല്ലേ. അച്ഛൻ പറഞ്ഞു മോനെ നീ പറഞ്ഞത് ശരിയാണ്. ഇതും പറഞ്ഞ് അച്ഛനും ഉണ്ണിയും വീട്ടിലേക്കു നടന്നു.

# ആയുസ്സ് നീട്ടാൻ മാനദണ്ഡങ്ങൾ

-ഏദ്യ.കെ-

വായു ഗുണനിലവാര മാനദണ്ഡം പാലിച്ചാൽ ഇന്ത്യക്കാർക്ക് ആയുസ്സ് നീട്ടിക്കിട്ടുമെന്ന് പഠനം. ഷിക്കാഗോ സർവകലാശാലയിലെ ദി എനർജി ഇൻസ്റ്റിറ്റ്യൂട്ടാണ് പഠനം നടത്തിയത്. എ റോഡ് മാപ്പ് ടുവേഡ് ക്ലീനിങ് ഇന്ത്യാസ് എയർ എന്നുപേരിട്ടിരിക്കുന്ന പഠനത്തിലാണ് ഇക്കാര്യം പ്രത്യേകം പറയുന്നത്. ലോകാരാഗ്യ സംഘടന നിർദേശിച്ച മാനദണ്ഡം പാലിച്ചാൽ നാലുവർഷം വരെ ആയുസ്സ് വർധിക്കും.ഡൽഹി പോലുള്ള നഗരങ്ങളിലാണ് വലിയ നേട്ടമുണ്ടാവുക. അവിടെ ആയുസ്സ് ആറുവർഷത്തോളം കൂട്ടിക്കിട്ടും.

ഒരു ക്യൂബിക് മീറ്റർ വായുവിലൂടെ ശ്വാസകോശത്തിലെത്താവുന്ന ചെറിയ കണികകളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് വായുവിന്റെ നിലവാരം അളക്കുന്നത്. 2018 ജനുവരിയിൽ ഗ്രീൻ പീസ് എൻവയോൺമെന്റ് ട്രസ്റ്റ് നടത്തിയ സർവേയിൽ ദേശീ. മാനദണ്ഡം പാലിക്കാത്ത പ്രദേശത്ത് 55 കോടി ആളുകൾ താമസിക്കുന്നതായി കണ്ടെത്തും. ജനങ്ങൾ തിങ്ങിപ്പാർക്കുന്നുണ്ട്.

ലോകത്തിലെ ഏറ്റവും മലിനമായ നഗരങ്ങളിലൊന്നാണ് ഡൽഹി. ഒറ്റ-ഇരട്ടയക്ക നമ്പർ വാഹന നിയന്ത്രണ പദ്ധതി തുടങ്ങി ഒട്ടേറെ പരിഹാരങ്ങൾ ഇവിടെ കൊണ്ടുവന്നെങ്കിലും വായുമലിനീകരണത്തിനും മാറ്റം വന്നില്ല. 2016 ജനുവരിയിൽ ഒറ്റ-ഇരട്ടയക്ക നമ്പർ വാഹന നിയന്ത്രണ പദ്ധതി നടപ്പിലാക്കുന്നതിനുശേഷം വായുവിലെ സൂക്ഷ്മ കണങ്ങൾ 13 ശതമാനമായി കുറഞ്ഞിരുന്ന കുറച്ചുദിവസത്തിനു ശേഷം ഈ പദ്ധതി പിൻവലിച്ചു. 2016 ഏപ്രിൽ വീണ്ടും നടപ്പാക്കി. എന്നാൽ വീണ്ടും പിൻവലിച്ചു.

# കണ്ടൽ സംരക്ഷിച്ച കല്ലേൻ പൊക്കുടൻ

ആദിത്ത് സി

1937 ൽ കണ്ണൂർ ജില്ലയിലെ ഏഴോം പഞ്ചായത്തിൽ ജനിച്ച കല്ലേൻ പൊക്കുടൻ കണ്ടൽ സംരക്ഷണത്തിനായി തന്റെ ജീവിതം ഉഴിഞ്ഞ് വയ്ക്കുകയായിരുന്നു. രണ്ടാം ക്ലാസ് വരെ മാത്രമേ വിദ്യാഭ്യാസം നേടാനായുള്ളു. ദീർഘകാലം സജീവ രാഷ്ട്രീയ പ്രവർത്തകനായിരുന്ന പൊക്കുടൻ പിന്നീട് പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

സ്കൂളിലേക്ക് പോകുന്ന കുട്ടികൾ പാടത്തിന്റെ വശങ്ങളിലുള്ള വഴിയിലൂടെ സഞ്ചരിക്കുമ്പോൾ ശക്തിയായി കാറ്റു വീശുന്നത് കൊണ്ട് ബുദ്ധിമുട്ടിയിരുന്നു. മാത്രമല്ല മഴക്കാലത്ത് പുഴയിലെ തിരകൾക്ക് ശക്തികൂടി വരമ്പിലിടിച്ച് വഴി തകരുന്നതും പതിവായിരുന്നു. ഇതിന് പരിഹാരമെന്ന രീതിയിലാണ് പൊക്കുടൻ ആദ്യമായി കണ്ടൽ ചെടികൾ വച്ച് പിടിപ്പിച്ചുതുടങ്ങിയത്.

1989 ൽ 500 കണ്ടൽ ചെടികൾ വച്ച് പിടിപ്പിച്ചുകൊണ്ട് തുടങ്ങിയ പ്രവർത്തനം ഒരു ലക്ഷത്തോളം ചെടികൾ നടുന്നതിലേക്ക് വളർന്ന സംസ്ഥാനത്തുടനീളം കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും പൊക്കുടൻ മുന്നിലുണ്ടായിരുന്നു. 2015 സെപ്തംബർ 27 ന് 85-ാ മത്തെ വയസിൽ പൊക്കുടൻ അന്തരിച്ചു.

## മാറുമെന്ന് ഹോക്കിങ്ങ്


-നിഹാല.കെ

അഞ്ഞൂറ് വർഷത്തിനകം വർഷത്തിനകം ഭൂമി തീഗോളമായി മാറുമെന്ന് വിഖ്യാത ഭൗതിക ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങ്ങ്. മനുഷ്യവർഗം ഭൂമിയിൽ നിന്ന് തുടച്ച നീക്കപ്പെട്ടും കൃത്രിമ ബുദ്ധിയുടെ വികാസമാണ് മനുഷ്യവർഗം നേരിടുന്ന മറ്റൊരു വൻഭീഷണിയെന്നും വീഡിയോ പ്രഭാഷണത്തിൽ ഹോക്കിങ്ങ് അഭിപ്രായപ്പെട്ടു. വർധിച്ച വരുന്ന ഊർജ ഉപഭോഗവും ജനസംഖ്യാപ്പെരുപ്പവും ഭൂമിയുടെതാളംതെറ്റിക്കുംആഗോളതാപനം ഭൂമിയെ മനുഷ്യ വാസയോഗമല്ലാതാക്കും ഹോക്കിങ്ങ് ചൂണ്ടിക്കാട്ടി. വംശനാശം സംഭവിക്കുന്നതിന് മുമ്പ് മനുഷ്യവർഗം. അത്യാഗ്രഹങ്ങളിലേക്ക് മേക്കാറാൻ ശ്രമിക്കണം. സൂര്യൻ കഴിഞ്ഞാൽ ഭൂമിയുടെ ഏറ്റവുമടുത്ത നക്ഷത്രമായ ആൽഫ സെന്റൗറിയുടെ ഗ്രഹങ്ങളിലേക്ക് സഞ്ചരിക്കാൻ ഇപ്പോഴും ശ്രമം തുടങ്ങണം. പ്രകാശത്തിന്റെ നാലിലൊന്ന് വേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്ന നാനോക്രാഫ്റ്റുകൾ വികസിപ്പിച്ച് വാസയോഗ്യമായ അന്യഗ്രഹങ്ങളിൽ പര്യവേഷണം നടത്തണം.

കൃത്രിമ ബുദ്ധിയുടെ വികാസം മനുഷ്യ വർഗംനേരിടുന്ന ഏറ്റവും വലിയ വെല്ലു വിളിയാണെന്നും ഹോക്കിങ്ങ് അഭിപ്രായപ്പെട്ടു.കൃത്രിമ ബുദ്ധി സാങ്കേതിക വിദ്യ നിയന്ത്രിക്കാൻ സംവിധാനമുണ്ടാവണം. മനുഷ്യ ബുദ്ധിക്ക് കീഴടക്കാൻ ഭാവിയിൽ കൃത്രിമ ബുദ്ധിക്ക് കഴിഞ്ഞേക്കും. ഇത് ഗുണത്തേക്കാളധികം മനുഷ്യരുടെ നിലനിൽപ്പിനു തന്നെ ഭീഷണിയുമായേക്കും- ഹോക്കിങ്ങ്പറഞ്ഞു.

# പരിസ്ഥിതി മലിനീകരണം

ആഷിമ .സി



മധുരം നിറയും മലയാളത്തെ

മലിന മിതാക്കിയതാരാണ്

സുഖമായ് മൊഴിയും ഭാഷയെ മാറ്റി

സുഖരഹിതമിതാക്കിയതാരാണ്

കാടുകൾ വെട്ടിക്കാട്ടാനകളെ

നാട്ടിലിറക്കിയതാരാണ്

ഒഴുകി വരുന്നൊരു പുഴയുടെ മാറിൽ

അവശിഷ്ടമെറിഞ്ഞതുമാരാണ്

പല വർണ്ണത്തിൽ ദാഹം തീർത്ത്

പലവിധ ചവറുകളെറിയുമ്പോൾ

അറിഞ്ഞതില്ലെൻ പരമാർത്ഥം

പരിഹാരത്തിൻ മാർഗങ്ങൾ

കണ്ടെത്തി നാം ചെയ്യുക നാം

കൊച്ചു കരങ്ങളിൽ കറ പുരളാൻ

കൈകൾ നീട്ടി വരുന്നു നാം

പഠനം മാത്രമതല്ലല്ലോ

നമ്മുടെ ജീവിത ലക്ഷ്യങ്ങൾ

നമുക്കുറങ്ങാൻ

നമുക്കുണരാൻ

വിശപ്പടക്കാൻ ദാഹമകറ്റാൻ

ശുദ്ധജലത്തിൻ നീരുറവ

തേടി അലയുക സോദരരേ

മലിനമാക്കരുതേയിനിയും

നമ്മുടെ പുഴയും വയലുകളും

തുള്ളിക്കൊരുകുടം പെയ്യു മഴ

പാഴാക്കരുതേ ഇനിയും നാം

സംഭരിക്കുക സംരക്ഷിക്കുക

അമൂല്യമാണീ മഴവെള്ളം

നാടിൻ ഹരിതക വർണ്ണത്തിൽ

വിത്തു വിതച്ചു വിളയട്ടെ

എന്നും നാടിൻ നന്മയ്ക്കായ്

നല്ല പ്രവർത്തികൾ ചെയ്യുക നാം.

# ലബോറട്ടറിയിലൊരു മൃഗശാല

നന്ദന.പി

വിളസസ്യങ്ങളെ മാത്രമല്ല വളർത്തുജീവികളെ സംരക്ഷിക്കുന്ന ജീൻബാങ്കുകളുമുണ്ട്. അമേരിക്കയിലെ സ്റ്റാൻഡിയോഗോഗേം ഇൻസ്റ്റ്യൂട്ടിൽ പ്രോസൺ സൂ എന്ന പേരിൽ നൂറുകണക്കിന് ജീവികളുടെ ശരീര കോശങ്ങളെ താപനിലയിൽ സംരക്ഷിക്കുന്നു. അമേരിക്കയിലേതന്നെ സ്മിത്ത് സോണിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ജീവികളുടെ ഭ്രൂണം, ബീജം രക്തം എന്നിവ ശീതീകരിച്ച് സൂക്ഷിക്കുന്നുണ്ട്. ഭാരതത്തിൽ ഹരിയാനയിലെ കർണാലിലുള്ള നാഷണൽ ബ്യൂറോ ഓഫ് ആനിമൽ ജനിറ്റിക്സിന്റെ ദേശീയ ജീൻ ബാങ്കിൽ കാള, പോത്ത്, ആട്, ചെമ്മരിയാട്, യാക്ക്, കുതിര എന്നിവയുടെ 44 ഇനങ്ങളിൽ നിന്ന് ശേഖരിച്ച് 1,29,174 സാമ്പിളുകൾ ഗാഢശീതീകരണങ്ങളിൽ സംഭരിച്ചിരിക്കുന്നു.

വിളയിനങ്ങളുടെ ഡി എൻ എ യെ സംരക്ഷിക്കുന്ന ഡി.എൻ.എ സംരക്ഷിക്കുന്ന ഡി.എൻ.എ ബാങ്കുകൾ വിളകളുടെ പൂമ്പൊടിയെ ശീതീകരിച്ചു സൂക്ഷിക്കുന്ന പോളൻ ബാങ്കുകൾ, മണ്ണിൽതന്നെ വിത്തുകളെ സംഭരിക്കുന്ന സോയിൽ സീഡ്ബാങ്ക് എന്നിവയും ജീൻബാങ്കുകളിൽ ഉൾപ്പെടും. നല്ല വിത്താണ് കൃഷിയുടെ അടിസ്ഥാന ഘടകം

# നോഹയുടെ വിത്തുപേടകം

ഹരിപ്രിയ വി പി

നോർവയിലെ  സ്വൽബോർഡ് വിത്തുപേടകത്തിന് (salbard global seed vault) നോഹയുടെ വിത്തുപേടകമെന്നൊരുവിശേഷണം കൂടിയുണ്ട്. ഭാവിയിൽ മനുഷ്യർ കാരണമോ പ്രകൃതി കാരണമോ പ്രകൃതി ദുരന്തങ്ങൾ കൊണ്ടോ ഒരു പ്രദേശത്തെ ഒരുപക്ഷേ ലോകത്താകെയുള്ള കൃഷിപൂർണമായി തുടച്ചുമാറ്റപ്പെട്ടെന്നു കരുതുക.

അവിടെ കൃഷി പുനരുജ്ജീവിക്കാൻ വിത്തുവേണമല്ലോ  അതിന് ഈ പേടകം സഹായകമാവും. 15 ലക്ഷം വിത്തുകളുടെ സാമ്പിളുകൾ സംഭരിക്കാൻ ശേഷിയുള്ള ഇതിൽ ഇന്നുള്ളത്  10,59,646 വ്യത്യസ്തയിനം വിത്തുകളാണ്.  ആർട്ടിക് പ്രദേശത്തെ സ്വൽബാർഡ്, തണുത്തുറഞ്ഞ പ്രദേശമായതാണ് ഇവിടം വിത്തുബാങ്കിന് തിരഞ്ഞെടുക്കാൻ കാരണം.

തറ നിരപ്പിന് 120 മീറ്റർ താഴെ വരണ്ട ചുറ്റുപാടുകളിലാണ് വിത്തുപേടകം നിർമിച്ചിട്ടുള്ളത്. ഇവിടത്തെ പെർമാപ്രോസ്റ്റ് (ജലത്തിന്റെ ഖരാങ്കത്തിൽ താഴെ ഊഷ്മാവിൽ സ്ഥിതിചെയ്യുന്നമണ്ണ്) പ്രകൃതിയായുള്ള ശീതീകരണിയായി  വർത്തിക്കുന്നു. നിർമിച്ച് 10 വർഷം പിന്നിടുമ്പോൾ ഇവിടത്തെ ഒരു വിത്തു പോലും മുളയ്ക്കാൻ ശേഷി നഷ്ടപ്പെട്ട് നശിക്കില്ല. അക്കാലത്ത് കാര്യമായ മാറ്റം ഉണ്ടായില്ല. ചൂടുള്ള ഊഷ്മാവ് മൂലമുണ്ടാകുന്ന വലിയ വികരണമാണതിനുകാരണം. മഞ്ഞുകാലം പോലെ മോശമായ കാലാവസ്ഥയിലാണ് ഒറ്റ -ഇരട്ടയക്ക നമ്പർ വാഹനപദ്ധതി ഫലം കാണിക്കുന്നത്.

മലിനീകരണം ചെറുക്കാനുള്ള നിർദേശങ്ങളും പൊതുജനങ്ങളെ  ബോധവത്കരിക്കാനുള്ള പരിപാടികളും കാർബൺ പുറന്തള്ളൽ നിയന്ത്രിക്കാനും നിരീക്ഷിക്കാനും ഉള്ള കാര്യങ്ങൾ പഠനം ചർച്ച ചെയ്യുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതോടെ കാലാവസ്ഥ വ്യതിയാനത്തിനു തടയിടാൻ സഹായിക്കുമെന്നും ഗവേഷകർ പറയുന്നു. അമേരിക്കയും ചൈനയും കഴിഞ്ഞാൽ ഹരിതഗൃഹ വാതകം പുറന്തള്ളുന്ന മൂന്നാമത്തെ വലിയ രാജ്യമാണ്  ഇന്ത്യ. 2030-ടെ കാർബൺ പുറന്തള്ളൽ 33-35 ശതമാനമായി കുറയ്ക്കുക എന്നതാണ് ലോകരാഷ്ട്രങ്ങൾ ലക്ഷ്യമിടുന്നത്.

# പ്രളയം

വൈഷ്ണ. സി

പെരുമഴ കെടുമഴ

എങ്ങും ജലസാഗരം പൊങ്ങി വന്നിടുന്നു

എവിടെയും ചോരപ്പുഴയൊഴുകുന്നു



പ്രളയം വിളയാടി നിന്നിരുന്നു.

എല്ലാം ഒലിച്ചുപോയ് വൻ ദുരന്തത്തിലീ

അനാഥമാക്കപ്പെട്ട ജനങ്ങളും.

സ്വത്തില്ല പണമില്ല വീടില്ല

എല്ലാം കൊണ്ടുപോയല്ലോ ഈ പ്രളയം.

ജാതിയില്ല മതമില്ല എല്ലാരും

കൈ കോർത്ത് ചേർന്നിരുന്നു.

# ഭാഷയും വായനയും

അനുശ്രീ പി കെ

നാം നമ്മുടെ ഭാഷയെ വളരേയേറെ ബഹുമാനിക്കേണ്ടതാണ്. ആശയവിനിമയം നടത്താനുള്ള ഒരുപാധി മാത്രമല്ല ഭാഷ. മറിച്ച് വികാരങ്ങളെ പ്രകടിപ്പിക്കുവാൻ കൂടിയുള്ളതാണ്. നാം ജനിച്ച് കഴിഞ്ഞ് ആദ്യം ഉരുവിടുന്നത് അമ്മ എന്ന വാക്കാണ്. ഈ വാക്കിലൂടെയാണ് ആദ്യമായി നാം ഭാഷ അറിയുന്നത്. ഭാഷയെ തൊട്ടറിയുന്നത്. ഇപ്പോൾ നമ്മുടെ മാതൃഭാഷ അന്യം നിന്നു പോകുകയാണ്. ഇന്നെല്ലാവർക്കും ഇംഗ്ലീഷ് ഭാഷകളോടാണ് പ്രിയം. പക്ഷെ പിന്നീട് മലയാള ഭാഷാ മഹത്വം ഇവർക്ക മനസ്സിലാകും. ഭാഷയെ പോലെ തന്നെയാണ് വായനയും. ഇതെല്ലാം മാറ്റിവച്ച് കംമ്പ്യൂട്ടർ പോലുള്ള ഉപകരണം ഉപയോഗിച്ച് സമയം ചെലവഴിക്കുകയാണിന്ന്. വായനയിലൂടെ ഒട്ടേറെ അറിവ് നമുക്ക് നേടാൻ കഴിയും,അറിവിന്റെ ഉറവിടങ്ങൾ കണ്ടെത്തി സ്വയം ആസ്വദിച്ച് വളരാൻ നമുക്ക് കഴിയണം. ഇങ്ങനെ പുസ്തകങ്ങൾ കണ്ടും,തൊട്ടും,വായിച്ചു മനസ്സിലാക്കിയും, ആസ്വദിച്ചും കേരളത്തിലെ കുട്ടികൾ ഇന്ന് വളർന്നാൽ നാളെ കേരളം ലോകത്തിന് വഴി കാട്ടും.

നാം ഭാഷ അറിഞ്ഞ് പുസ്തകങ്ങൾ വായിച്ച് ശാസ്ത്രത്തിൽ മികച്ച വളർച്ച കൈവരിക്കണം. ഈ വളർച്ചയെ മനുഷ്യന് ഒരുക്കുന്ന അറിവിന്റെ വിജ്ഞാനസമ്പത്ത് അനുദിനം വർധിപ്പിക്കാനും സഹായകമാവുന്നു. എന്ന് നാം ബോധ്യപ്പെടുത്തണം.

# ന്യൂജനറേഷൻ

ഋതുനന്ദ വി

അമ്പോ,അമ്പോ ഇവനെന്തൊരുകോലം

കാണാൻ ഇവനൊരു മുള്ളൻപന്നി

കേട്ടാലോ ഒരു ചുള്ളൻ ചെക്കൻ

ചെത്തി മിനുക്കി പൊക്കിയ ഹെയറും

വായിൽ തിരുകിയ boomer ബോംബും

തൊട്ടു വലിക്കാൻ smart phone pick ഉം

വലിച്ചു താഴ്ത്താൻ കുപ്പിപാന്റും

കാതിൽ നല്ലൊരു  freeken അമ്പും

കുത്തി നിറച്ചൊരു T-Shirt front  ഉം

ചീറിപ്പായും Pulsar ഗിയറും

എങ്ങും നിറയും selfie post ഉം

ലുക്കീ ലൈക്കാൻ facebook page ഉം

ആപ്പിലാക്കാൻ whatsapp friend ഉം

എങ്ങും തകധിമി freeken പിള്ളേസ്

നാട്ടുകൾതോറും കാണാം ഇവരെ

അമ്പോ, അമ്പോ ഇത് ന്യൂജനറേഷൻ

# പ്രകൃതിയെ സ്നേഹിച്ച ബഷീർ

ഹരിപ്രിയ.വി.പി

കഥകളുടെ സുൽത്താൻ ആയ ബഷീർ ഇന്ന് നമ്മോടൊപ്പം ഇല്ലെങ്കിലും അദ്ദേഹത്തിന്റെ അനശ്വര കഥാപാത്രങ്ങളിലൂടെ തെല്ലുനർമവും അതിലേറെ ശക്തിയുള്ള ചിന്തയുമായി നിറസാന്നിധ്യം ഇവിടെയുണ്ട്. ഈ കുഞ്ഞു മലയാളത്തിൽ ഇമ്മിണിബല്യ ബഷീർ ആയി തന്നെ അദ്ദേഹം ഇപ്പോഴും വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്നു. തന്റെ പ്രിയപ്പെട്ട മാങ്കോസ്റ്റെൽ മരത്തണൽ ഇരുന്ന് ഗ്രാമഫോണിലൂടെ ഗസലുകൾ ശ്രവിച്ചുകൊണ്ട് അദ്ദേഹം ലോകത്തെ നോക്കി പുഞ്ചിരിക്കുന്നു.

ചുമടുകാരൻ, കുശിനികാരൻ, മുറിവൈദ്യൻ, ഹോട്ടൽതൊഴിലാളി, കപ്പൽതൊഴിലാളി, അധ്യാപകർ, പത്രപ്രവർത്തകൻ, സന്ന്യാസി, കണക്കപിള്ള, കൈനോട്ടക്കാരൻ, മത്സ്യതൊഴിലാളി, മൊട്ടോർ വർക്ക് ഷോപ്പിലെ ഗേറ്റ് കീപ്പർ, ന്യൂസ് പേപ്പർ ഏജന്റ് മാജിക്ക്കാരന്റെ അസിസ്റ്റന്റ്, പഴക്കച്ചവടക്കാരൻ, കമ്പൗണ്ടർ എന്നിങ്ങനെ ബഷീർ ചെയ്യാത്ത ജോലികൾ ഇല്ലായിരുന്നു.



എഴുത്തുക്കാരൻ, സ്വാതന്ത്ര്യസമര സേനാനി, പ്രകൃതി സ്നേഹി, ഇനിയും എത്രയോ വിശേഷണങ്ങൾ എല്ലാറ്റിനും ഉപരി തികഞ്ഞ മനുഷ്യസ്നേഹിയുമായിരുന്നു. ബഷീർ ഈ അണ്ഡകടാഹത്തിലെ കാക്കത്തൊള്ളായിരം ജീവജാലകങ്ങളെ അദ്ദേഹം സ്നേഹിച്ചു. താനും അവരിലൊരാളാണെന്ന് വിശ്വസിച്ചു. പ്രകൃതിയെ അമ്മയെ പോലെ കരുതി. സർവ്വചരാചരങ്ങളും ഈ ഭൂമിയിലെ അവകാശികളാണെന്ന് പ്രഖ്യാപിച്ചു. ബേപ്പൂറിൽ സ്വന്തമായി വാങ്ങിയ രണ്ട് ഏക്കർ പറമ്പ് മുഴുവൻ അദ്ദേഹം പൂങ്കാവനമാക്കി. അതിൽ തെങ്ങുകൾ, മാവുകൾ, പ്ലാവുകൾ, പേരകൾ, കശുമാവുകൾ, മുരിങ്ങകൾ, പുളികൾ പപ്പായകൾ എന്നിവ നട്ടു. മാനുഷ്യ കുലത്തേക്കാൾ  മഹോന്നത സൃഷ്ടി വിശേഷങ്ങളാണു വൃക്ഷങ്ങൾ എന്നും ബഷീർ വിശ്വസിച്ചിരുന്നു. ദൈവത്തിന്റെ പ്രത്യേക വരദാനം പണ്ടത്തെ മനുഷ്യർ അത് മനസ്സിലായിട്ടെന്നോളം  വൃക്ഷങ്ങളെ ആരാധിച്ചിരുന്നു. ഇന്നോ?

ഒരു വൃക്ഷം അല്ലെങ്കിൽ  ഒരു ചെടി നട്ടു നനച്ച് പിടിപ്പിക്കുന്നത് ഒരു വലിയ പുണ്യകർമമാണ്. ഈശ്വരാരാധന എന്നും പറയാം.  വാടിതളർന്ന ഒരു ചെടി അല്ലെങ്കിൽ ഒരു വൃക്ഷം. ദാഹിച്ചുവലഞ്ഞു വരുന്ന ഒരു പക്ഷി അല്ലെങ്കിൽ ഒരു മൃഗം അല്ലെങ്കിൽ ഒരു സ്ത്രീയോ പുരുഷനോ. ഇവർക്കുലേശം കുടിനീർകൊടുത്ത് ആശ്വസിപ്പിക്കുന്നതും മഹത്തായ ഈശ്വരാരാധന തന്നെ.

ജീവിതം ഒരു അനുഗ്രഹമാണ്. എണ്ണിയാൽ ഒടുങ്ങാത്ത അനുഗ്രഹങ്ങളുണ്ടല്ലോ. അതിൽ അതിമഹത്തായ അനുഗ്രമാണ് വൃക്ഷങ്ങൾ എന്നും നമ്മെ ബഷീർ പഠിപ്പിച്ചു. വൃക്ഷങ്ങൾ ഭൂമിയുടെ അവകാശികൾ . തേന്മാവ് തുടങ്ങിയ കഥകളിലൂടെ ഈ സന്ദേശം അദ്ദേഹം നമ്മുക്ക് നൽകുന്നു.

സഞ്ചാരിയായി ഇന്ത്യ മുഴുവൻ ചുറ്റി സഞ്ചരിച്ച ബഷീർ താൻ ചെന്നിടത്തൊക്കെ ചെടികളും വൃക്ഷങ്ങളും നട്ടുപിടിപ്പിക്കാൻ ശ്രദ്ധിച്ചിരുന്നു. അവയിൽ പോലീസ് സ്റ്റേഷനുകളും ജയിലുകളും ഉണ്ടായിരുന്നു. സെൻട്രൽ ജയിലിൽ ബഷീറിന്റെ ഹോബി പൂന്തോട്ടം ഉണ്ടാക്കലായിരുന്നു. പലനിറത്തിലുള്ള പൂക്കൾ വിരിയുന്ന ചെടികൾ അദ്ദേഹം ഓരോ സെല്ലിന്റേയും മുമ്പിൽ നട്ടു പിടിപ്പിച്ചു. ജയിലിൽ മനോഹരമായ ഒരു റോസ് ഗാർഡൻ തന്നെ ഉണ്ടാക്കി.

വീട്ടുവളപ്പിൽ അനേകം  വൃക്ഷത്തൈകൾ നട്ടു. കത്തിയെരിയുന്ന വേനലിൽ നട്ടുച്ച നേരത്താണ് പലതും പറിച്ചു കൊണ്ടു വന്നു നട്ടത്. പത്തിരുനൂറെണ്ണം കിളച്ചുപറിച്ചു താങ്ങികൊണ്ടു വന്നു. ഒരുപാടെണ്ണത്തിന്റെ ഇലകൾ,  കൂമ്പുകൾ വാടിയിരുന്നു.   " ഇതെല്ലാം ഉണങ്ങിപ്പോകും

വെയിലത്ത് ബുദ്ധിമുട്ടിയതുകൊണ്ട് എന്തുകാര്യം? തിരുവാതിര ഞാറ്റുവേലയ്ക്കേ എല്ലാം പിടിക്കൂ"- പണിക്കാർ പറഞ്ഞു. എന്നാൽ അത്ഭുതമെന്നു പറയട്ടെ ഒന്നും ഉണങ്ങിയില്ല. എങ്ങനെ ഉണങ്ങനാണ്? എല്ലാറ്റിന്റെയും കൂടെ ബഷീറുണ്ടായിരുന്നു എപ്പോഴും. വെള്ളമൊഴിക്കാനും വളമിടാനും മാത്രമല്ല എല്ലായിപ്പോഴും അവരോടൊക്കെ വർത്തമാനം പറയാനും അദ്ദേഹം കൂടെനിന്നു.

"എല്ലാവൃക്ഷങ്ങൾക്കും നന്ദി ! എല്ലാ ചെടികൾക്കും നന്ദി -

മാത്രമല്ല ഈ പ്രകൃതിയിലെ സർവ്വചരാചരങ്ങൾക്കും നന്ദി!" അദ്ദേഹം പറഞ്ഞു. ഇവിടെയൊന്നും ബഷീർ എന്ന "വിശ്വമാനവൻ"നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നത്.

# മധുരമാം ബാല്യം

*അശ്വിനി സി*

*അമ്മതൻ അമ്മിഞ്ഞപ്പാൽ നുകർന്നതും*

*അച്ഛൻതൻ സ്നേഹം ഏറ്റുവാങ്ങിയും*

*എന്നിലിന്നും നിറയുന്നൊരാ കാലം*

*സ്നേഹമാം കൈകളിൽ സ്വാന്തനമായി*

*എന്നെ ഇന്നും തലോടുന്നൊരാ കാലം*

*ജീവിതമാം പാതയിൽ*

*എന്നിൽ നിന്നെങ്ങോ അകന്നൊരാ കാലം*

*അക്ഷരങ്ങളിൽ വെളിച്ചമായ് സ്വാന്തനമായി*

*വിദ്യയാം ചെപ്പിലേറിയ കാലം*

*നിഴലായി നിലാവായി എന്നിലിന്നും*

*തെളിയുന്നൊരാ കാലം*

*മനസ്സിന്റെ താളുകൾ മറിയുമ്പോൾ*

*അറിയാതെയെന്നോ ഓർത്തുപോയി*

*എങ്ങോ കൊഴിഞ്ഞുപോയൊരാ കാലം*

*മനസാം തന്ത്രിയിൽ മീട്ടിയാ*

*പൂവായ് വിടർന്നൊരെന്റെ കൂട്ടുകാർ*

*ഒരു ചെറുകാറ്റായ് എന്നെ തലോടി*

*മധുരമാം സുന്ദരമാം ബാല്യകാലം.*

# ചന്ദന മണമുള്ള യാത്ര

ഐശ്വര്യ വി പി

അങ്ങനെ ഒരു മധ്യവേനൽ അവധിക്കാലം വന്നെത്തി. സ്കൂൾ കുട്ടികൾക്ക് ആഹ്ലാദം അലതല്ലുന്ന വേളകൾ ഈ അവധിയിൽ ഒരു യാത്ര തന്നെയാവാം.

യാത്രകൾ ഇഷ്ടപ്പെടാത്തവരായി ആരുമുണ്ടാകില്ല. കുട്ടികളായാലും മുതിർന്നവരായാലും അക്കാര്യത്തിൽ ഒരുപോലെയാണ്. യാത്രാനുഭവങ്ങളെ താലോലിക്കുന്നവരാണ് എല്ലാവരും. വിനോദം എന്നതിനേക്കാൾ ഉപരി യാത്രകളിലൂടെ നേടുന്ന പുത്തൻ അറിവുകൾ മനസ്സിലെ നിധിപേടകത്തിൽ സംഭരിക്കപ്പെടുകയാണ്. ഇത് എക്കാലത്തും നമ്മുടെ ശക്തിയും വഴികാട്ടിയുമാകുന്നു.മനം നിറയ്ക്കുന്ന യാത്രാനുഭവത്തിനായി ഈ അവധിക്കാലത്തിന്റെ ആദ്യ യാത്ര മൈസൂരിലേക്ക് തന്നെയായിരുന്നു. ഒർമ്മകളിൽ ഒരു ടൂറിസ്റ്റ് ബസ്സ് പുറപ്പെടാനൊരുങ്ങി നിൽക്കുന്നു. എന്റെ മനസ്സിനുള്ളിൽ ആകാംഷയും കുസൃതിയും സമാസമം നിറച്ച ക്യൂ ക്ഷമയോടെ നെല്ലി പലകയിലാണ്. സൈഡ് സീറ്റ് കിട്ടണേയെന്നുള്ള പ്രാർഥനകൾക്കിടയിലേക്ക് ഓരോരുത്തരായി സീറ്റിലേക്ക്. ഒടുവിൽ ഞാൻ എന്റെ സീറ്റ് ഉറപ്പിച്ചു. രാത്രി പത്തു മണി കഴിഞ്ഞു. ജംഗ്ഷനിൽ നിന്നും മൈസൂരിലേക്കുള്ള ബസ്സ് പുറപ്പെടുകയാണ്. എന്റെ മനസ്സിൽ ഓർമ്മകളുടെ ഓളങ്ങൾ അലതല്ലി. ഓരോ യാത്രകളും ആരംഭിക്കുന്നതും അവസാനിക്കുന്നതും ഓർമ്മകളിലാണ്. യാത്രയിൽ ഇടയ്ക്കിടെ പാൽമണമുള്ള ഓർമ്മകൾ ഉമ്മ തന്ന് മോഹിപ്പിക്കും. ഭൂതകാല കുളിരും ബസ്സിനുള്ളിലെ കുളിരും കൂടിയായപ്പോൾ ശരിക്കും തണുത്തു. മൈസൂരിലെത്തുമ്പോൾ സൂര്യനുദിച്ചിട്ടില്ല. തണുപ്പും പുതച്ച് കൊട്ടാരങ്ങളുടെ നാട് ഉറങ്ങുകയാണ്. മഞ്ഞുമൂടിക്കിടക്കുന്ന ബസ് സ്റ്റാന്റിനടുത്ത് ആവിപറത്തുന്ന ചായക്കാരൻ.

ഉറക്കക്ഷീണം വലിച്ചെറിഞ്ഞു രാവിലെത്തന്നെ കാഴ്ച്ചകളിലേക്കിറങ്ങാൻ തീരുമാനിച്ചു. മലയാളി ഹോട്ടലുകൾക്ക് ഒട്ടും പഞ്ഞമില്ലാത്ത മൈസൂരിൽ നിന്നും മലയാളികളുടെ ദേശീയ ഭക്ഷണമായ പൊറോട്ടയും മുട്ടക്കറിയും കഴിച്ചു. മൈസൂർ ടൂറിൽ ആദ്യ യാത്ര മൈസൂർ പാലസിലായിരുന്നു. പാലസിന്റെ 145 അടി പൊക്കം കണ്ടപ്പോൾ വാ പൊളിച്ചു നിന്നു പോയി.

കത്തുന്ന നീലാകാശത്തിനു താഴെ മൈസൂർ പാലസ് തിളങ്ങി നിന്നു. രാത്രിയിൽ കറുത്ത

ആകാശത്തിനു താഴെ പൊൻ പ്രഭയിൽ ഇത് മറ്റൊരു കൊട്ടാരമാകും. ആഭരണങ്ങൾ വസ്ത്രങ്ങൾ വെള്ളി വാതിൽ സുവർണ സിംഹാസനം പറഞ്ഞാലും പറഞ്ഞാലും തീരാത്ത കണ്ടാലും കണ്ടാലും മതിയാവാത്ത കാഴ്ച്ചകളുടെ കൊട്ടാരത്തിൽ നിന്നും പുറത്തിറങ്ങാൻ രണ്ട് മണിക്കൂറിലധികമെടുത്തു.

കൊട്ടാരങ്ങളുടെ വലിയ കാഴ്ച്ചകളിൽ നിന്നും ചാമുണ്ഢി ഹില്ലിലേക്ക് മലമുകളിലെ ദൈവത്തിനെ കാണാൻ ചുരം കയറി വാഹനം പറന്നു. കുന്നിൻ മുകളിൽ നിന്നു താഴേക്കു നോക്കിയാൽ പരന്നു കിടക്കുന്ന മൈസൂർ ഒതിരപന്തിയും തടാകവും പച്ചപ്പാടവും തീപ്പെട്ടി കൂടുപോലുള്ള വീടും കണ്ടപ്പോൾ എനിക്കാവേശമായി. മൂവായിരം അടി ഉയരമുള്ള മലമുകളിൽ ചാമുണ്ഡേശ്വരിയുടെ ക്ഷേത്രം. രാജക്കൻമാരെ ആപത്തിൽ നിന്നും രക്ഷിച്ചിരുന്നത് ചാമുണ്ഡേശ്വരിയായ ദുർഗാ ദേവിയാണെന്നാണ് വിശ്വാസം. കഥകളുടെ കെട്ടഴിഞ്ഞ വഴികളിലൂടെ കുത്തിയിറങ്ങുമ്പോൾ ഉച്ച കഴിഞ്ഞിരുന്നു.എന്നെ ഏറ്റവും കൂടുതൽ മോഹിപ്പിച്ച മറ്റൊരിടത്തേക്ക് ഇനി പോകുന്നത്. ഓരോ മൃഗങ്ങളുടെ പേരും ശാസ്ത്രീയ നാമവുമൊക്കെ എഴുതിവച്ച് മനസ്സിന്റെ പെട്ടി തുറക്കുമ്പോഴേക്കും ഗാർഡന്റെ വലിയ വാതിൽക്കൽ എത്തിയിരുന്നു. ഈ വലകളും കൂടുകളും കോൺക്രീറ്റ് കെട്ടിടങ്ങളും ഇല്ലായിരുന്നെങ്കിൽ ഇതൊരു കാടാണെന്ന് പറയാം. സിംഹം മുതൽ ആഫ്രിക്കൻ ആന വരെയുള്ള കാട്. ഈ മൃഗശാലയിൽ 160 ൽ അധികം തരത്തിൽ പക്ഷികളും മൃഗങ്ങളുമുണ്ട്. പത്ത് ഏക്കറിലധികമുള്ള മൃഗശാല നടന്നുകാണാൻ ഏകദേശം മൂന്ന് കീ.മി. അടുത്ത് നടക്കണം. മൈസൂരിലെ കാഴ്ച്ചകളെല്ലാം വലുതാണ്. പാലസായാലും മൃഗശാലയായാലും വൃന്ദാവൻ ഗാർഡണായാലും കണ്ടു തീരാൻ മണിക്കൂറുകൾ തന്നെ മാറ്റി വയ്ക്കണം. മഞ്ഞിൽ നനഞ്ഞൊരു മറ്റൊരു രാത്രി. മടക്കയാത്രയ്ക്ക് മുമ്പ് മൈസൂർ നഗരത്തോട് എന്റെ മനസ്സ് വിട മൊഴിഞ്ഞു. എത്ര കണ്ടാലും ബാക്കിയാവുന്ന കാഴ്ച്ചകൾ കൊണ്ട് മൈസൂർ വീണ്ടും തോൽപ്പിക്കുകയാണ്. ഇനി ഓർമ്മകൾ അയവിറയ്ക്കാനുള്ള നഗരം...............

# ന്യൂജനറേഷൻ പരീക്ഷാഫലം

ഹരിപ്രിയ വി പി

രംഗം 1

[പത്താം തരത്തിന്റെ പരീക്ഷാ ഫലം വരുന്ന ദിവസത്തിന്റെ തലേന്ന് അബീന്റെ അമ്മയും ജെറീന്റെ അമ്മയും കൂടി സംസാരിക്കുന്നു.]

ജെറീന്റെ അമ്മ : എടീ നീയറിഞ്ഞോ നാളയാ പത്താം തരത്തിന്റെ പരീക്ഷാ ഫലം

അബിയുടെ അമ്മ: [സങ്കടഭാവത്തോടെ] അതെയാ.

ജെറീന്റെഅമ്മ: ഇതെന്താ നിനക്കൊരു സന്തോഷമില്ലാത്തത്

അബീന്റെ അമ്മ: എങ്ങനെ സന്തോഷിക്കാനാ എന്റെ മോൻ പരീക്ഷക്ക് പോയി എന്ന പേരുമാത്രമേ ഉള്ളൂ അവൻ ഒരു പരീക്ഷക്കും ശരിയായ ഉത്തരം എഴുതിയിട്ടില്ല.

ജെറീന്റെ അമ്മ: അങ്ങനെ ആണോ. പക്ഷെ എന്റെ മോൻ നേരെ തിരിച്ചാ ഓൻ ക്ലാസിലെല്ലാം ഒന്നാമനാണ്. ഇതുപോലെ പരീക്ഷയിലും ഒന്നാമനായിരിക്കും.

അബീന്റെ അമ്മ: അതുശരിയാ ഓൻ വീട്ടിലുള്ളപ്പോൾ എന്തൊരു പടിപ്പാ പടിക്കുന്നേ. ഓൻ ശരിക്കും ഓന്നാമതാകും. അബീനെ പത്താംക്ലാസുകഴിഞ്ഞാൽ വല്ല ജോലിക്കും വിടുകയാണ് ചെയ്യുന്നത്. എന്നാൽ ഞാൻ പോട്ടേ.

രംഗം 2

[പത്താം തരത്തിന്റെ പരീക്ഷാ ഫലത്തിനായി അവർ എല്ലാവരും ആതിയോടെ നിൽക്കുകയാണ്. ആ സമയം അബിയുടെ അമ്മ ജെറിയുടെ വീട്ടിലേക്ക് പോയി. അപ്പോൾ അവിടെ എല്ലാവരും സങ്കടത്തോടെ ഇരിക്കുകയാണ്]

അബിയുടെ അമ്മ: എന്താ ഇവിടെ എല്ലാവർക്കും പറ്റിയത്

[ആ സമയം അബി തുള്ളിച്ചാടി അമ്മയുടെ അടുത്തേക്ക് വന്നു]

അബിയുടെ അമ്മ: എന്താ മോനേ ഇത്ര സന്തോഷം

അബി: അമ്മേ എനിക്ക് എസ് എസ് എൽ സി ക്ക് എല്ലാവിഷയത്തിലും A+

അമ്മ: എന്താ നീ പറയുന്നത് അപ്പോൾ ജെറിക്കോ?

ജെറിയുടെ അമ്മ: എന്റെ മോന്റെ മാർക്ക് അതിന്റാത്ത് വരുന്നില്ല.

അബിയുടെ അമ്മ: ഇതെന്താ ഇങ്ങനെ

അബി: ഇതാണമ്മേ ന്യൂജനറേഷൻ പരീക്ഷാഫലം.

# മൊബൈൽ ഫോൺ

തേജൽ കെ

"ഹലോ കൂട്ടുകാരേ നിങ്ങക്ക് എന്നെ അറിയില്ലേ അതെ ഞാനാണ് നിങ്ങളുടെ ഇഷ്ടതാരം മൊബൈൽ ഫോൺ ഏതോരു മനുഷ്യൻ പരീക്ഷണാടിസ്ഥാനത്തിൽ എനിക്ക് ജന്മം നൽകിയപ്പോൾ നിങ്ങൾക്കത് പലതരത്തിലും പ്രയോജനപ്പെട്ടു.

ആശയവിനിമയത്തിനും നേരമ്പോക്കിനും മറ്റു പല കാര്യങ്ങൾക്കും. കാലം മാറുന്നതിനനുസരിച്ച് എന്റെ കോലവും മാറി. ന്യൂജനറേഷൻ മോഡലിൽ സ്മാർട്ട് ഫോണുകളായും ഐഫോണുകളായും ഞാൻ രൂപം മാറി. ഇതിലെ പുതിയ ആപ്പുകലാണ് ഫെയ്സ്ബുക്കിലും വാട്ട്സാപ്പിലും നിങ്ങൾ പലരും സജീവമാണെന്ന് എനിക്കറിയാം. വിവിധ ഗുണം ചെയ്യുന്ന ഇത്തരം ആപ്പുകളെ വിഡ്ഢികളായ പലരും ദുരുപയോഗം ചെയ്യുന്നല്ലോ എന്നോർത്ത് ഞാൻ സഹതപിക്കുന്നു. ചാറ്റിംഗും ചീറ്റിംഗും ഒക്കെ എന്നിൽ തന്നെ. ഊണും ഉറക്കവുമില്ലാതെ എന്നെ തലങ്ങും വിലങ്ങും കുത്തുമ്പോൾ എനിക്ക് നോവുന്നുണ്ട്.

കേട്ടോ..... ലോകത്തെ മുഴുവൻ എന്റെ ഉള്ളിൽ ആവാഹിച്ചു കഴിഞ്ഞപ്പോൾ നിങ്ങൾക്ക് എന്തൊരെളുപ്പമെല്ലേ.... 24 മണിക്കൂറും എന്നെ പിടിച്ചു ഞെക്കിയും കുത്തിയും വേദനിപ്പിക്കുമ്പോഴും ഈ ലോകം എന്റെ ഉള്ളിലാണ് എന്നോർത്ത് ഞാൻ അൽപ്പം അഹങ്കരിക്കുന്നതിൽ തെറ്റുണ്ടോ?....".

# തത്സമയം ഫിഫയിൽ

*അലൻ ജയസൂര്യ*

*മഞ്ഞപ്പട കളിക്കളത്തിൽ ഇറങ്ങുന്നു. അർജന്റീനയ്ക്കും ജർമനിക്കും മുട്ടുകുത്തേണ്ടി വന്ന മെസിയുടെ അവസാന ലോകകപ്പ്. ഇനി ബ്രസീൽ... ബ്രസീലാരധകർ നെഞ്ചിടിപ്പോടെ കാത്തിരിക്കുകയാണ് ആ വിധിയറിയാൻ. കാണാം... കേൾക്കാം...ഇതാ കളി ആരംഭിക്കുകയായി അതിമനോഹരമായ പാസിംഗിലൂടെ അവർ കളി ആരംഭിച്ചു. ആ ' യെല്ലോ ഡ്രാഗൺസ്'. അവരുടെ ചുട്ടതീയായ പത്ത് ഗോൾ വല കത്തിക്കുമോ.*

*നെയ്മർ തന്റെ കാലുകൾകൊണ്ട് മായാജാലം തീർക്കുന്നവനാണ്. അവൻ ഇന്നും തന്റെ മാന്ത്രിക കാലുപയോഗിച്ച് ഗോളടിക്കുമോ? ഇതാ കുട്ട്യാനീനോ പാസ് നൽകുകയാണ്. ഓ നമ്പർ 11 ന്റെ അതിമനോഹരമായ ഷോട്ടായിരുന്നു. കോസ്റ്റോറിക്കയുടെ അസാധാരണമായ ഗോളിയാണ്. കാരണം 20 ഷോട്ടുകളാണ് അദ്ദേഹം തടുത്തത്. ഇതാ നെയ്മറിലേക്ക് ബോളെത്തി. പാസ്സിങ്. ഓ... ഓ... നോ... ബ്രസീലിന് ഭാഗ്യമില്ല. അതും തടുത്തു. അതിമനോഹരമായ ഷോട്ടായിരുന്നു. ജേഴ്സി നമ്പർ 22 വിന്റെത് സബ്റ്റിറ്റ്യൂഷനിൽ കയറിയതാണ്. പക്ഷെ ബാക്കിയുള്ള കുറച്ച് നിമിഷങ്ങളിൽ അദ്ദേഹം തന്റെ കഴിവ് പ്രകടിപ്പിക്കാൻ ശ്രമിച്ചു. ഇതാ ഫദൽ ബ്രസീലിനനുകൂലമായി ഒരു ഫ്രീ കിക്ക്. ഇതടിച്ചാൽ അത് അവർക്ക് ഒരു ആശ്വാസമായിരിക്കും.*

*ബ്രസീൽ ഫാൻസിന്റെ പ്രതീക്ഷ നശിച്ച നിലയിലാണ്. എങ്കിലും ഒരു കൈ നോക്കാം എന്ന നിലയിലാണ് കളിക്കാർ. ഫ്രീ കിക്ക് ഗോൾ... ഗോൾ... ഗോൾ... നോ... എന്തുകൊണ്ടാണെന്നറിയില്ല എനിക്കൊരു സംശയം അവർ ഒരു ഗോളിയേയോ ഗോളിപോസ്റ്റിനേയോ ലക്ഷ്യം വയ്ക്കുന്നത്? കാരണം നേരെ ഗോളിയുടെ കൈകളിലാണ് അത് എത്തുന്നത്. ഇതാ ഇഞ്ചുറി ടൈമിലേക്ക് കടക്കുന്നു. ആറു മിനുട്ടാണ് ലഭിച്ചിരിക്കുന്നത്. എല്ലാ ബ്രസീൽ ആരാധകരുടെയും തലകുനിയുന്നു.*

*നമുക്ക് കളിയിലേക്ക് തിരിച്ചുവരാം ഇവിടെ കുട്യാനോ ഒരു ഗോളിനായി ശ്രമിക്കുന്ന ജേഴ്സി നമ്പർ 1 അതിമനോഹരമായാണ് പന്ത് എതിരാളിയുടെ പോസ്റ്റിന്റെ ഇത്രയും അടുത്തെത്തിച്ചത്. ഓ ഗോൾ... ഇതാ ബ്രസീൽ ഫാൻസിന് ആശ്വാസമായി ഒരു ഗോൾ കുട്യാന്യോയുടെ ഒറ്റ ഗോൾ... ഇതാ അതിന്റെ ആവേശത്തിലാണവർ. പക്ഷെ അവർ പന്ത് കോസ്റ്ററിക്കയുടെ കൈകളിൽ കിട്ടാതെ നോക്കുകയാണ്. ഇതാ കുട്ടീനിന്യോ പാസ് കൊടുക്കുകയാണ്. ഇതാ പന്ത് ഇടയ്ക്ക് നിന്നെടുത്ത് നമ്മുടെ നായകൻ ഗോളടിച്ചു. ഞാൻ നേരത്തെ പറഞ്ഞതുപോലെ അവരുടെ ചുട്ടതീയിലായ പന്തുകൊണ്ട് വലയും കൂടെ എതിർ ടീമിനേയും ചുട്ടരിച്ചു. ഇതാ ഇന്ന് ബ്രസീലിന്റെ രാവ് .*

# കാലം

അഞ്ചു എം

*പായുന്നതെങ്ങോ നാം*

*മായുന്നതെന്തോയിത്*

*വാർദ്ധക്യമോ അന്ത്യം*

*കാലമോ യന്ത്രം*

*ജനിക്കുന്നവൻ മരിക്കുന്ന നാളിൽ*

*വിടരുന്ന പൂവും പൊഴിയുന്ന കാറ്റിൽ*

*വിരിയുന്ന ചിരിയിൽ മറയുന്ന വഴിയിൽ*

*ഓടുന്ന വണ്ടിയാവുന്ന കാലം*

*നൽകുന്ന കാലം ആനന്ദസ്പർഷം*

*നൽകുന്ന കാലം ദു:ഖത്തിൻ ഗന്ധം*

*നശിക്കുന്ന ചിന്തകൾ കാലമോ ഓടുന്നു*

*ഓടുന്ന കാലം പിന്നെയും വേഗം*

*കാലമോ അധിപനില്ലാത്ത യന്ത്രം*

*കാലമോ നിത്യമകലുന്ന തേര്*

*കാലമോ കാത്തുനിൽക്കില്ല നമ്മെ*

*കാലമോ യാത്ര തുടരുന്നു വീണ്ടും*

*പായുന്നതെങ്ങോ നാം*

*മായുന്നതെന്തോയിത്*

*വാർദ്ധക്യമോ അന്ത്യം*

*കാലമോ യന്ത്രം.*

## മഴ ഒരനുഭവം

*സുശാന്ത് കൊല്ലറക്കൽ*

*ഉരുകി*
*ഇറ്റുവീണ*
*വർത്തമാനത്തിൽ*
*ഇടയിലെ*
*രണ്ട് വരികൾക്കിടയിൽ*
*വിതുമ്പി നില്പുണ്ട്*
*നിലാവ് പൊഴിച്ചിട്ടു*
*വിയർപ്പു തുള്ളികൾ*

## ജാലകം

*കണ്ണ്*
*ഓടിപ്പോയി*
*എത്തിനോക്കി*
*തിരിച്ച് വന്നപ്പോൾ*
*ഓർമ്മകൾ ചിരിയോടു ചിരി*

## ബന്ധങ്ങൾ

*കൊളുത്തി*
*കൊളുത്തി*
*വെക്കുന്നു*
*ജീവിതത്തെ*
*അസ്വസ്ഥതപെടുത്തുവാനായ്*
*ഒരുപാട് ചങ്ങലക്കണ്ണികൾ*

# കുടിയൊഴിപ്പിക്കൽ

സുശാന്ത് കൊല്ലറക്കൽ

*ചില്ലുപെട്ടിയിലാണ്*

*എന്റെ വേനലും*

*മഴയും*

*സ്വപ്നങ്ങളും*

*പുഴകളെല്ലാം*

*റോഡിനടിയിലെ*

*ഗുഹകളിൽ*

*ഉറക്കത്തിലാ*

*ആകാശത്ത്*

*കയറിപ്പോവാനാവത്തെ*

*കുന്നുകളെല്ലാം*

*ശ്വാസമടക്കിപിടിച്ചിരിപ്പാണ്*

*ഒരിക്കലും*

*എഴുന്നേൽക്കരുതെന്ന്*

*അന്ത്യശാസനയാണ്*

*എത്ര വേഗതയാണ്*

*കുടിയൊഴിപ്പിക്കലിന്*

*ഒറ്റപ്പിടച്ചിലിൽ*

*തീർത്ത് പോവുന്നതേയുള്ളു*

*ഒരിടിയിൽ*

*മഴയിൽ*

*മിന്നലിൽ*

# മഹത് വചനങ്ങൾ

ആവണി മനോജ്

നിങ്ങൾ പഠിച്ചതെല്ലാം മറന്നതിനു ശേഷം മനസ്സിൽ എന്തൊക്കെ തങ്ങിനിൽ-ക്കുന്നുവോ അതാണ് നിങ്ങൾക്കുള്ള ശരിയായ അറിവ്.

-അജ്ഞാതൻ

കണ്ണുകൾ സ്വയം വിശ്വസിക്കുന്നു.ചെവികൾ മറ്റുള്ളവരെ വിശ്വസിക്കുന്നു.

- ജർമ്മൻ പഴമൊഴി

തെറ്റുകൾ വരുത്താതിരിക്കുന്നതല്ല ബുദ്ധി. തെറ്റുകൾ ശരിയാക്കുന്നതിലാണ്.

-ബ്രുഹത്

നല്ല നീന്തൽക്കാരനാണ് പലപ്പോഴും മുങ്ങാറുള്ളത്.

-തോമസ് മുള്ളർ

ഭൂമിയിലെ ഏറ്റവും മനോഹരമായ വസ്തുവാണ് ഏറ്റവും ഉപയോഗശൂന്യവും.

-ജോൺ റസ്കിൻ

സ്ത്രീകളുടെ ഉപദേശം മഹിമയുള്ള കാര്യമൊന്നുമല്ല
എങ്കിലും അതു കേൾക്കാത്തവനാണ് വിഡ്ഢി.

-ഇംഗ്ലീഷ് പഴമൊഴി

ജീവിതം ഒരു നാടകമാണ്.

-ഷേക്സ്പിയർ



































# ശുഭം